JANUARY 2023
Volume 55
Issue 4

14 അവതാറുമായി നവസംരംഭകർ

28 ഇനി ടെറാ ഹെർട്സിന്റെ കാലം

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം
## VYAVASAYA KERALAM




# സംരംഭക വർഷം പദ്ധതി 'ബെസ്റ്റ് പ്രാക്ടീസ്' ആയി തെരെഞ്ഞെടുത്തു. ഇൻഡ്യയിൽ

# വ്യവസായ വാണിജ്യ മേഖലയിലെ സ്പന്ദനങ്ങളറിയാൻ




## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

നിങ്ങളുടെ ഉത്പന്നമോ സേവനമോ യഥാർത്ഥ ആവശ്യക്കാർക്കിടയിൽ കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ ഏറ്റവും യോജിച്ച മാസിക
വ്യവസായ കേരളം


**എഡിറ്റർ**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 6238302158

Email: vyavasayakeralam@gmail.com


വാർഷിക വരിസംഖ്യ 300 രൂപ
ഒറ്റപ്രതി 30 രൂപ

VYAVASAYA KERALAM
വ്യവസായ കേരളം

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ജനുവരി 2023 പുസ്തകം 55 ലക്കം 4
January 2023 Volume 55 Issue 4

# ഉള്ളടക്കം





06 നാലാം വ്യാവസായിക വിപ്ലവത്തിന് മുമ്പേ മാറേണ്ട തൊഴിലധിഷ്ഠിത സാങ്കേതിക സംരംഭകത്വ വിദ്യാഭ്യാസം
ആഷിക് കെ പി

12 കാർഷിക ഭക്ഷ്യ മൂല്യവർദ്ധക സംരംഭകർക്ക് കൃഷി വകുപ്പിന്റെ സബ്സിഡി 50% വരെ
റ്റി. എസ്. ചന്ദ്രൻ

14 അവതാറുമായി നവസംരംഭകർ
എഴുമാവിൽ രവീന്ദ്രനാഥ്

18 മൂന്ന് മാർക്കറ്റിംഗ് തന്ത്രങ്ങൾ
ഡോ. സുധീർ ബാബു

24 ലക്ഷങ്ങളുടെ തൊഴിലവസരവുമായി ഗിഫ്റ്റ് സിറ്റി
മനോജ് മാതിരപ്പള്ളി

28 ഇനി ടെറാ ഹെർട്സിന്റെ കാലം
ലോറൻസ് മാത്യു

32 സംരംഭകസംസ്കാരം തിരുത്തിക്കുറിക്കാൻ വനിതകളും
സൗമ്യ ബേബി

37 ബഹുമതിയുടെ കൊടുമുടിയിൽ
പാർവ്വതി. ആർ. നായർ

10 നൂറ്റാണ്ടിന്റെ വിജയവുമായി സെഞ്ച്വറി പോളിമേഴ്സ്

42 വിടരുന്ന മൊട്ടുകൾ





# വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

പ്രതിനിധികൾ-
- **തിരുവനന്തപുരം** : കാഞ്ചന എം.
- **കൊല്ലം** : സജീവ്കുമാർ കെ.എ.
- **പത്തനംതിട്ട**: അനൂപ് ഷിനു കെ.
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : പ്രേംജിത്ത് പി.
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : അനിൽകുമാർ കെ.പി.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : ശ്രീരാജ് എം.
- **കോഴിക്കോട്** : നിധിൻ കെ.
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : അഷ്കർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
സിമിചന്ദ്രൻ വി.ആർ.,
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ഷൈജ വി.എം.,
അരുൺ എസ്.,
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. ഹരികിഷോർ ഐ.എ.എസ്**
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# ആശയം സ്വപ്നമല്ല, യാഥാർത്ഥ്യമാണ്

ഒരു സംരംഭത്തിന്റെ ആദ്യ നിക്ഷേപം ആശയമാണ്. അത് മനസ്സിൽ നിന്നും ജനിക്കേണ്ടതാണ്. ആശയങ്ങൾ പല ഉറവിടങ്ങളിൽ നിന്നും ജനിക്കാവുന്നതാണ്. ആശയം ജനിക്കുന്നത് പ്രധാനമായും ആവശ്യത്തിൽ നിന്നും അവസരങ്ങളിൽ നിന്നുമാണ്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന ആശയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പല ഘടകങ്ങളും പരിഗണനാ വിധേയമാക്കണം. സംരംഭകന്റെ വ്യക്തിത്വം, സാമ്പത്തിക ശേഷി, പ്രായോഗികത, രാജ്യത്തെ നിയമങ്ങൾ എന്നിവ ആശയങ്ങൾ തെരഞ്ഞെടുക്കുമ്പോൾ പരഗണിക്കേണ്ടതാണ്. നല്ല ആശയങ്ങൾ സംരംഭത്തെ വിജയത്തിലെത്തിക്കും.

ആശയം വാണിജ്യവത്ക്കരിക്കപ്പെട്ടാൽ മാത്രമേ അതിന് സാങ്കേതികവും സാമ്പത്തികവുമായ സ്വീകാര്യതയും പ്രായോഗികതയും കൈവരിക്കാൻ കഴിയൂ. പല ആശയങ്ങളും യാഥാർത്ഥ്യമാകണമെങ്കിൽ അതിന് സാങ്കേതികമായ പിന്തുണയുണ്ടാകണം. കണ്ടെത്തുന്ന ആശയങ്ങളും സാങ്കേതികവിദ്യയും പരസ്പരബന്ധത്തിലായിരിക്കണം. കണ്ടെത്തുന്ന ആശയങ്ങൾ യാഥാർത്ഥ്യമാകണമെങ്കിൽ കൃത്യമായതും തുടർച്ചയായതുമായ ഗൃഹപാഠത്തിലൂടെ മാത്രമേ അതിനെ യാഥാർത്ഥ്യത്തിലെത്തിക്കുവാൻ കഴിയൂ. പ്രശ്നമുണ്ടാകുമ്പോൾ അതിന്റെ പരിഹാരമാർഗ്ഗമെന്ന രീതിയിലും ആശയങ്ങളുണ്ടാകാം. കണ്ടെത്തുന്ന ആശയങ്ങൾ സ്വപ്നങ്ങളായി മാറാതെ അത് യാഥാർത്ഥ്യമാകണമെങ്കിൽ അത് എഴുതപ്പെട്ട രൂപത്തിലേക്ക് മാറണം. ആശയങ്ങൾക്ക് സ്പഷ്ടതയുണ്ടായാൽ മാത്രമേ അത് നമ്മൾ ലക്ഷ്യം വയ്ക്കുന്ന ഉപഭോക്താക്കളെ നേടിയെടുക്കുവാൻ കഴിയൂ. കണ്ടെത്തുന്ന ആശയങ്ങൾ നല്ലതാകുന്നത് അത് ഒരു സംരംഭത്തിന്റെ പ്രാരംഭം മുതൽ ലക്ഷ്യം വയ്ക്കുന്ന ഉപഭോക്താക്കളെ നേടിയെടുത്ത് സംരംഭം വിജയത്തിലെത്തുമ്പോഴാണ്. ഓരോ മനുഷ്യരും അത്ഭുതകരമായി പരസ്പരം വ്യത്യസ്ഥരാണ്. വൈവിധ്യമാർന്ന ഇന്നത്തെ ലോകത്തിൽ വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും പ്രതികരിക്കുകയും ജീവിക്കുകയും ചെയ്യുന്നു. കണ്ടെത്തുന്ന ആശയങ്ങൾക്ക് മറ്റുള്ളവയിൽ നിന്നും വ്യത്യസ്തത ഉണ്ടായിരിക്കണം. അത് നവീനവും അതുല്യവും പ്രശ്നം പരിഹരിക്കുന്നതും, ലാഭകരവും മനസ്സിലാക്കാൻ കഴിയുന്നതുമായിരിക്കണം.

സംരംഭക വർഷത്തിന്റെ ഭാഗമായി സംസ്ഥാന വ്യവസായ വകുപ്പ് തുടക്കം കുറിക്കുന്ന മറ്റൊരു നവീന പദ്ധതിയാണ് 'ഡ്രീം വെസ്റ്റർ'. നൂതന ആശയങ്ങളുണ്ടെങ്കിൽ 'ഡ്രീം വെസ്റ്റർ' മത്സരത്തിൽ പങ്കെടുക്കാം. അക്കാദമി തലം മുതൽ തന്നെ നവസംരംഭകരെ കണ്ടെത്തുന്നതിനുള്ള ഒരു പരിപാടി കൂടിയാണിത്. മത്സരത്തിൽ പങ്കെടുത്ത് അവതരിപ്പിക്കുന്ന ആശയങ്ങൾ സ്വപ്നങ്ങൾ മാത്രമാകുകയില്ല. കണ്ടെത്തുന്ന നൂതന ആശയങ്ങൾ സർക്കാർ ഉടമസ്ഥതയിലുള്ള ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ വഴി യാഥാർത്ഥ്യമാകും. സർക്കാരിന്റെ സ്റ്റാർട്ട് അപ് നയം ഇതിന് പിന്തുണയേകും. വെന്ററിന്റെ സഹായം സീഡ് മൂലധന സഹായം വിപണി സഹായം എന്നീ കാര്യങ്ങളിൽ ആശയങ്ങൾ ഫലപ്രദമാകുന്നതിന് നൽകുന്നതാണ്. 'ഡ്രീം വെസ്റ്റർ' എന്നത് നൂതനാശയങ്ങൾ അവതരിപ്പിക്കാനുള്ള മത്സര പരിപാടിയാണ്. മത്സരത്തിൽ പങ്കെടുക്കുന്നവരിൽ ഒന്നാം സ്ഥാനക്കാർക്ക് 5 ലക്ഷം രൂപയും, രണ്ടാം സ്ഥാനക്കാർക്ക് 3 ലക്ഷം രൂപയും, മൂന്നാം സ്ഥാനക്കാർക്ക് 2 ലക്ഷം രൂപയും സമ്മാനങ്ങൾ ലഭിക്കും. കൂടാതെ 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് 1 ലക്ഷം രൂപയും 11 മുതൽ 20 വരെ സ്ഥാനങ്ങൾ നേടുന്നവർക്ക് 25,000/- രൂപയും സമ്മാനമായി ലഭിക്കും. അവതരിപ്പിക്കപ്പെടുന്ന ആശയങ്ങൾ ആകർഷകമാണെങ്കിൽ അത് സ്വപ്നങ്ങളായി അവസാനിക്കുകയില്ല. അവ യാഥാർത്ഥ്യമാക്കാൻ സംസ്ഥാന സർക്കാരും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും ഒപ്പമുണ്ടാകും. കൂടുതൽ നവ സംരംഭകരും നൂതന ആശയങ്ങളും പരിപാടിയിൽ എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നു. ■

ഒപ്പ്
**ചീഫ് എഡിറ്റർ**



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം, നിയമം, കയർ വകുപ്പ് മന്ത്രി

# സംരംഭക വർഷം പദ്ധതിയ്ക്ക് രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് അംഗീകാരം

അത്യധികം സന്തോഷം നൽകുന്നതാണ് സംസ്ഥാന വ്യവസായ വകുപ്പിന്റെ  സംരംഭക വർഷം പദ്ധതിയ്ക്ക് ലഭിച്ച ദേശീയ അംഗീകാരം. ബഹു. പ്രധാനമന്ത്രി നരേന്ദ്ര മോഡി അദ്ധ്യക്ഷത വഹിച്ച സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി  കേരളത്തിലെ വ്യവസായ വകുപ്പിന്റെ സംരംഭക വർഷം പദ്ധതി കേന്ദ്ര സർക്കാർ തന്നെ അവതരിപ്പിച്ചു. മൂന്നു ദിവസം നടന്ന കോൺഫറൻസിൽ  കേരളത്തിൽ നിന്ന് ചീഫ് സെക്രട്ടറി ശ്രീ. വി.പി. ജോയ്, അഡി. ചീഫ് സെക്രട്ടറി ശ്രീ. കെ.ആർ. ജ്യോതിലാൽ, വ്യവസായ വകുപ്പു സെക്രട്ടറി ശ്രീ. സുമൻ ബില്ല, ആരോഗ്യ കുടുംബക്ഷേമ വകുപ്പു സെക്രട്ടറി  ടിങ്കു ബിസ്വാൾ എന്നിവരാണ് പങ്കെടുത്തത്.

കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ട പദ്ധതിയാണിത്. കഴിഞ്ഞ മാർച്ച് 30 ന് ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവഹിച്ചത്. ഏപ്രിലിൽ തുടക്കം കുറിച്ച പദ്ധതി നവംബർ ആയപ്പോൾ തന്നെ പദ്ധതി ലക്ഷ്യം പൂർത്തിയാക്കി. ഒരു വർഷം കൊണ്ട് നേടാൻ ഉദ്ദേശിച്ചത് 8 മാസം കൊണ്ട് നേടി.  പല മാനങ്ങൾ കൊണ്ട് ഇത് ഇന്ത്യയിൽ തന്നെ പുതു ചരിത്രമാണ്. സംരംഭങ്ങൾ രൂപീകരിക്കാനെടുത്ത ചുരുങ്ങിയ സമയം, സർക്കാർ ഒരുക്കി നൽകിയ പശ്ചാത്തല സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്ക് വന്ന വനിതകളുടെ എണ്ണം തുടങ്ങി ഈ പദ്ധതി സൃഷ്ടിച്ച റെക്കോഡുകൾ നിരവധിയുണ്ട്. ഇപ്പോൾ ലഭിച്ച ദേശീയാംഗീകാരം ഇത്തരം പ്രത്യേകതകൾക്കാണ്. ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പു തന്നെ 2 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിച്ച പദ്ധതി സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിന്റെ കാര്യത്തിലും തൊഴിലവസരങ്ങളുടെ കാര്യത്തിലുമെല്ലാം സമാനതകളില്ലാത്ത നേട്ടമാണ്  കൈവരിച്ചിരിക്കുന്നത്.

പദ്ധതി ആരംഭിച്ച് 235 ദിവസം പിന്നിടുമ്പോഴാണ് ഈ നേട്ടം കൈവരിക്കപ്പെട്ടതെന്നത് ദേശീയ വിലയിരുത്തലിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു. ലക്ഷ്യം പൂർത്തിയാക്കിയ ദിവസത്തെ കണക്കനുസരിച്ച് 1,01,353 സംരംഭങ്ങൾ  ആരംഭിച്ചു. പദ്ധതിയിലൂടെ കേരളത്തിൽ 6282 കോടി രൂപയുടെ നിക്ഷേപം ഉണ്ടായി. 2,20,500 പേർക്ക് ഈ സംരംഭങ്ങളിലൂടെ തൊഴിൽ ലഭിച്ചു.

ലക്ഷ്യം നേടിയ ദിവസം മലപ്പുറം, എറണാകുളം ജില്ലകളിലാണ് ഏറ്റവുമധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടത്. ഇരുപതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഈ രണ്ട് ജില്ലകളിൽ സൃഷ്ടിക്കപ്പെട്ടു.

കൊല്ലം, തൃശ്ശൂർ, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ പതിനയ്യായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ മാത്രമാണ് പതിനായിരത്തിൽ കുറവ് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും പദ്ധതിയിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്നതിന് ഈ ജില്ലകൾക്കും സാധിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള പുതിയ കണക്ക് പ്രകാരം ഇതുവരെ 7261.54 കോടിയുടെ നിക്ഷേപങ്ങളാണ് ഉണ്ടായിരിക്കുന്നത്. 118509 സംരംഭങ്ങൾ സൃഷ്ടിക്കപ്പെട്ടതിലൂടെ 2,56,140  തൊഴിലുകൾ സൃഷ്ടിക്കാനായി.

സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന -ജില്ലാ-തദ്ദേശ സ്ഥാപന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിന് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലുമായി പ്രൊഫെഷണൽ യോഗ്യതയുള്ള 1153 ഇന്റേണുകളെ  നിയമിച്ചു.. കേരളത്തിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും തിങ്കൾ, ബുധൻ ദിവസങ്ങളിൽ ഹെല്പ് ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കി. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹെല്പ് ഡെസ്ക്ക് സംവിധാനം നടപ്പിലാക്കി. എല്ലാ താലൂക്ക് വ്യവസായ കേന്ദ്രങ്ങളിലും ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സണ്മാരെയും നിയമിച്ചു. സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള നിക്ഷേപസൗഹൃദ നടപടികൾ സംരംഭകത്വത്തിലേക്ക് കാലെടുത്തു വെക്കുന്നതിന് ശങ്കിച്ചു നിന്നവരെയും പദ്ധതിയുടെ ഭാഗമാക്കാൻ സഹായിച്ചു.

ഒരു വർഷം കൊണ്ട് ഒരുലക്ഷം സംരംഭങ്ങൾ ആരംഭിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടതെങ്കിലും അതിനേക്കാൾ ഉയർന്ന നേട്ടം കൈവരിക്കാൻ സാമ്പത്തിക വർഷാവസാനത്തോടെ സാധിക്കുമെന്നാണ് ഇപ്പോഴത്തെ കണക്കുകൾ വ്യക്തമാക്കുന്നത്. ■



# നാലാം വ്യാവസായിക വിപ്ലവത്തിന് മുമ്പേ മാറേണ്ട തൊഴിലധിഷ്ഠിത സാങ്കേതിക സംരംഭകത്വ വിദ്യാഭ്യാസം



**ആഷിക് കെ പി**

**ലോകം** ഇന്ന് വിപുലവും സമൂലവുമായ പരിവർത്തനങ്ങളുടെ മുനമ്പിലാണ്. സാങ്കേതികവിദ്യയുടെ ത്വരിത ഗതിയിലുള്ള വികാസവും കാലാവസ്ഥ വ്യതിയാനങ്ങളുടെ ഫലമായി ലോകക്രമത്തിൽ വന്നുകൊണ്ടിരിക്കുന്ന അടിസ്ഥാനതലത്തിലുള്ള മാറ്റങ്ങളും മനുഷ്യ ജീവിതത്തിന്റെ സകല മേഖലകളെയും മാറ്റിക്കൊണ്ടിരിക്കുന്നു. എന്തും എവിടെയും എപ്പോഴും എങ്ങിനെയും സാധ്യമാകുന്ന ഒരു പുതിയ മാതൃക വന്നുചേർന്നിരിക്കുകയാണ്. എല്ലാം ഒന്നുകൊണ്ട് പരിഹരിക്കാവുന്ന രീതിയിൽ  സാങ്കേതികത ലോകത്തെ വിസ്മയിപ്പിച്ച് നവീനവൽകൃതവും അതിബ്രഹത്തുമായ മാതൃകകൾ സൃഷ്ടിക്കുമ്പോൾ അത്തരം മാറ്റങ്ങളെ ഉൾക്കൊള്ളാനും അതിജീവിക്കാനും വിദ്യാഭ്യാസത്തിലൂടെ കഴിയണം. കേന്ദ്രീകൃതവും അതിവിപുലവുമായ ജ്ഞാനാർജനം അതിവേഗതയിൽ മാറുന്ന ഒരു ലോകക്രമത്തിന് ഇനിമേൽ പ്രസക്തി എത്രമാത്രം എന്നതാണ് കാതലായ വശം.

ഒരു കാലത്ത് മനുഷ്യൻ കൈവരിച്ചതും സ്വായത്തമാക്കിയതും



പരിശീലിച്ചതുമായ അറിവിനെയും നൈപുണിയെയും ഒരു കൊച്ചു ചിപ്പിലാക്കി ഇനിയുമേറെ താണ്ടേണ്ടതുണ്ടെന്ന നിലയിൽ മനുഷ്യ ജീവിതത്തെയും പ്രവർത്തനക്ഷമതയെയും സാങ്കേതിക വിദ്യകൾ കാത്തുനിൽക്കുന്നു. സാങ്കേതികത ഒന്നിൽ നിന്ന് പരശ്ശതം വിദ്യകളുടെ സംയോജനമായി മാറി തലച്ചോറിനേക്കാൾ പ്രവർത്തനക്ഷമതയിലും കണിശതയിലും അതിവേഗം മുന്നേറുമ്പോൾ തൊഴിൽ, ഉപജീവനം, ജീവിതം എന്നിവയിൽ കലാകാലങ്ങളായി നാം വച്ചുപുലർത്തുന്ന രീതികളെ കൊണ്ട് എത്രകാലം മുന്നോട്ടുകൊണ്ടുപോവാം എന്നത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇനി എങ്ങോട്ട് എന്ന ചോദ്യത്തിന് നാലാം വ്യാവസായിക വിപ്ലവ കാലഘട്ടത്തിൽ ഏറെ ചിന്തനീയമാണ്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഒരുമിച്ച് സന്തോഷത്തോടെ പ്രതീക്ഷാനിർഭരമായി ജീവിക്കുവാൻ പഠിപ്പിക്കുന്ന പ്രത്യയശാസ്ത്രം എന്നതാണ്. അങ്ങനെ നോക്കുമ്പോൾ നാം നേടുന്ന അറിവുകളും കഴിവുകളും നമുക്ക് തന്നെയും സമൂഹത്തിനും ഉപകാരപ്രദമാവണം. വരുമാന സമ്പാദനമാണ് അതിന്റെ പ്രകടമായ രൂപം. മൂല്യങ്ങളും നൈതികതയും അതിനോടൊപ്പം ഉൾച്ചേർന്നു വരേണ്ടതാണ്. മൂല്യങ്ങൾക്ക് വേണ്ടി, നൈതികതയ്ക്ക് വേണ്ടി, സാമൂഹ്യബോധത്തിന് വേണ്ടി മാത്രം ഒരു പഠന പ്രവർത്തനം, പാഠ്യപദ്ധതി, പാഠപുസ്തകം എന്ന രീതിയിൽ നിന്ന് ഇവയൊക്കെ ഏത് മേഖലയിലും ഉൾച്ചേർന്നുകൊണ്ട് പോകുന്ന മറ്റൊരു രീതിയിലേക്ക് കാലമെത്രയായിട്ടും സാങ്കേതിക അഥവാ തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതു സൃഷ്ടിക്കുന്ന ഒരു വലിയ പ്രശ്നം വർഷങ്ങളോളമെടുത്ത് നാം ആർജിക്കുന്ന ജ്ഞാനം പ്രാവർത്തികമാക്കാൻ കഴിയാതെ അറിവുള്ളവനായിട്ടും അനുഭവിക്കാനോ പകർന്നു കൊടുക്കാനോ കഴിയാത്ത ആളായി നാം മാറുന്നു എന്നതാണ്.

പല വിദ്യാഭ്യാസ പരിഷ്കാരങ്ങളും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ ഒരു പടി അകറ്റി അല്ലെങ്കിൽ വേറിട്ട സമ്പ്രദായമാക്കി മാറ്റുന്നു. അറിവുള്ളവനെ കൊണ്ട് യൂണിവേഴ്സിറ്റികൾ നിറയുമ്പോഴും അത് പ്രാവർത്തികമാക്കാൻ കഴിയാതെ ഒരു വലിയ സമൂഹം രൂക്ഷമായ തൊഴിലില്ലായ്മയെയും അവ സൃഷ്ടിക്കുന്ന അനുബന്ധ സാമൂഹ്യ വിപത്തുകളെയും തലയിലേറ്റി ഭാവിയെ ഇനിയെന്ത് എന്ന ഉത്തരം കിട്ടാത്ത പ്രശ്നമായി പ്രതീക്ഷയില്ലാതെ ജീവിതം തള്ളിനീക്കുന്നു. തൊഴിലധിഷ്ഠിത/ നൈപുണീ കേന്ദ്രീകൃത/ സംരംഭകത്വ വിദ്യാഭ്യാസം എന്നത് അനിവാര്യമാക്കുക എന്നതാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഏറ്റവും വലിയ പ്രത്യേകത അത് മുൻപ് നടന്നിരുന്ന വ്യാവസായിക വിപ്ലവങ്ങളെ പോലെ ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള മാറ്റമല്ല എന്നതാണ്. അതായത്, മെക്കാനിക്കൽ എനർജിയിൽ നിന്ന് ഇലക്ട്രിക് എനർജിയിലേക്കും ഇലക്ട്രിക് എനർജിയിൽ നിന്ന് ഇലക്ട്രോണിക് എനർജിയിലേക്കുമുള്ള ചുവടുവെപ്പായും ഇലക്ട്രോണിക് എനർജിയിൽ നിന്ന് വിവര സാങ്കേതികവിദ്യകളിലേക്കുള്ള മാറ്റമായും അല്ല, മറിച്ച് ഒരു കൂട്ടം സാങ്കേതികവിദ്യകളുടെ സംയോജനമായാ ണത് വന്നു കൊണ്ടിരിക്കുന്നത് എന്നതാണ്. സ്വാഭാവികമായും അത്തരം സംയോജനം ഉണ്ടാക്കുന്ന മാറ്റങ്ങളെ ഉൾക്കൊള്ളാനും അവയെ അതിജീവിക്കാനും കഴിയണമെങ്കിൽ നമ്മുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ അതിനു മുന്നിൽ നടത്താൻ നമ്മുടെ വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നവർക്ക് അല്ലെങ്കിൽ കലാലയങ്ങൾക്ക്, അവയ്ക്ക് നേതൃത്വം കൊടുക്കുന്ന യൂണിവേഴ്സിറ്റികൾക്ക് കഴിയേണ്ടതുണ്ട്. അല്ലാത്തപക്ഷം ലോകത്തിലെ യുവതയുടെ ഭൂരിഭാഗം ഉൾക്കൊള്ളുന്ന, ജനസംഖ്യയിൽ യുവത്വം ഭൂരിപക്ഷമാകുന്ന നമ്മുടെ നാടിൻറെ ഭാവി എന്തായിരിക്കും എന്നത് കാത്തിരുന്ന് കാണേണ്ടതാണ്. ആനുകാലിക രംഗത്ത് നാം ചർച്ച ചെയ്യേണ്ട ഏറ്റവും വലിയ കാര്യവും നമ്മെ അസ്വസ്ഥമാക്കേണ്ട സംഭവവും ആയിരിക്കണം അത്.

നാലാം വ്യാവസായിക വിപ്ലവത്തെ സാങ്കേതികത പ്രതീക്ഷ നിർഭരം എന്ന് വിശേഷിപ്പിക്കുമ്പോൾ

അതിനെ സർവ്വനാശത്തിന്റെ കാലഘട്ടമായി വിശേഷിപ്പിക്കാൻ കഴിയുന്നത്ര അപായ സൂചനകൾ അവ നൽകുന്നുമുണ്ട്. ബ്ലോക്ക് ചെയിൻ ടെക്നോളജി, ഇൻറർനെറ്റ് ഓഫ് തിങ്ങ്സ്, റോബോട്ടിക്സ് ,കൃത്രിമ ബുദ്ധി എന്നിവയൊക്കെ ഒരേ പ്ലാറ്റ്ഫോമിൽ സംയോജിക്കുമ്പോൾ, യാഥാർത്ഥ്യങ്ങളെ കൃത്രിമമായ എന്നാൽ അനുഭവഭേദ്യമാക്കുന്നതുമായ മെറ്റാ വേർസ് പോലുള്ള വിദ്യകൾ മനുഷ്യൻറെ പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുമ്പോൾ, നാം എങ്ങനെ ജീവിക്കണം എങ്ങനെ സഞ്ചരിക്കണം എന്തു ഉപയോഗിക്കണം എന്നൊക്കെ സാങ്കേതികവിദ്യകൾ നയിക്കുമ്പോൾ, അതിനെയൊന്നും ഉൾക്കൊള്ളാത്ത സാങ്കേതിക ജ്ഞാനം നമ്മെ എവിടെയെത്തിക്കും എന്നത് നിലവിലെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്.

ഊർജ്ജസ്രോതസ്സുകളാണ് നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ഫോസിലുകളിൽ നിന്നുള്ള ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചാണ് നമ്മുടെ സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ പ്രവർത്തനങ്ങളും. അതിൻറെ സാങ്കേതികവിദ്യകൾ നമ്മുടെ കലാലയങ്ങൾ പ്രത്യേകിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇന്നും മുഖ്യമായി പഠിപ്പിക്കുന്നു. എന്നാൽ ലോകത്തിൽ ഫോസിലുകളെ ആശ്രയി

**ഊർജ്ജസ്രോതസ്സുകളാണ് നമ്മുടെ എല്ലാ പ്രവർത്തനങ്ങളുടെയും അടിസ്ഥാനം. ഫോസിലുകളിൽ നിന്നുള്ള ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചാണ് നമ്മുടെ സാമൂഹ്യവും സാമ്പത്തികവുമായ എല്ലാ പ്രവർത്തനങ്ങളും. അതിൻറെ സാങ്കേതികവിദ്യകൾ നമ്മുടെ കലാലയങ്ങൾ പ്രത്യേകിച്ച് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇന്നും മുഖ്യമായി പഠിപ്പിക്കുന്നു.**






ച്ചുള്ള ഊർജ്ജ ഉല്പാദനം ഇനി എത്ര നാളുകൾ ഉണ്ടാവും എന്നതാണ് മുഖ്യം. കാലാവസ്ഥാ വ്യതിയാനം, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ വൻ മുന്നേറ്റം, സാങ്കേതിക വിദ്യകൾ അവയെ ഏറ്റവും എളുപ്പത്തിൽ സ്വീകരിച്ചത് എന്നിവ ഇനി പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളുടെ നാളുകൾ എണ്ണപ്പെട്ടു എന്നുവേണം കരുതാൻ. 8 ഗ്രാം തോറിയം കൊണ്ട് ഒരു വാഹനത്തിന് 100 വർഷം ഓടിക്കാൻ കഴിയുമെന്നും നാല് രൂപ 42 പൈസയുടെ സോളാർ യൂണിറ്റ് കൊണ്ട് ഒരു ഹെവി ട്രക്കിന് 750 കിലോമീറ്റർ സഞ്ചരിക്കാൻ കഴിയും എന്നുമുള്ള ഇലോൺ മസ്കിന്റെ വാദവും ലോകം പെട്രോളിയം ഉൽപ്പന്നങ്ങളെ നിയന്ത്രിച്ചില്ലെങ്കിൽ അത് ലോകത്തെ തകർക്കുമെന്നുള്ള പാരിസ്ഥിതിക മുന്നറിയിപ്പും നമ്മുടെ ഊർജ്ജ ഉപയോഗം എങ്ങനെ മാറുമെന്ന് കാണിച്ചു തരുന്നു. ഏറ്റവും കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്ന ഈ മേഖലയിലുള്ള പരമ്പരാഗത ഊർജസ്രോതസ്സുകളെ അവയുടെ സാങ്കേതികവിദ്യയെ ആശ്രയിച്ചുള്ള തൊഴിലധിഷ്ഠിത പഠനം നമ്മെ എങ്ങനെ മുന്നോട്ടു നയിക്കും എന്നുള്ളത് ഈ അവസരത്തിൽ ഒരു ചോദ്യചിഹ്നമായി മാറിയേക്കാം.

മറ്റൊരു പ്രധാനപ്പെട്ട തൊഴിൽ സൃഷ്ടിക്കുന്ന മേഖലയാണ് ഓട്ടോമൊബൈൽ മേഖല. ഓട്ടോമൊബൈൽ മേഖലയും ഇതേ വെല്ലുവിളികൾ ഉയർത്തുന്നു. പല ഓട്ടോമൊബൈൽ കമ്പനികളും ടെക്ക് കമ്പനികൾ ആയി മാറിക്കഴിഞ്ഞു. വാഹനങ്ങൾ ഹൈബ്രിഡ് ആയി മാറിക്കൊണ്ടിരിക്കുന്നു. പൂർണ്ണ ഓട്ടോമാറ്റഡ് വാഹനങ്ങൾ അടുത്ത അഞ്ചു വർഷങ്ങൾ കൊണ്ട് നമ്മുടെ റോഡുകൾ കീഴടക്കും. യാത്രാ ഡ്രോണുകൾ, ഹൈപ്പർ ലൂപ്പ്, വാണിജ്യ റോക്കറ്റുകൾ എന്നിവയൊക്കെ നമ്മുടെ സഞ്ചാരങ്ങളെ മാറ്റിമറിക്കും. ഇത് ഓട്ടോമൊബൈൽ രംഗത്ത് വിപ്ലവം സൃഷ്ടിക്കുമ്പോൾ തന്നെ സാങ്കേതിക മാറ്റത്തിനോടൊപ്പം നമ്മുടെ വികസന തൊഴിൽ വിദ്യാഭ്യാസത്തെ സാങ്കേതിക ജ്ഞാനത്തെ എത്രമാത്രം മാറ്റേണ്ടതുണ്ട് എന്ന് നാം ചിന്തിക്കേണ്ടതുണ്ട്. പല യൂണിവേഴ്സിറ്റികളും ഇപ്പോഴും അവരുടെ സാങ്കേതിക വിഷയങ്ങളുടെ സിലബസ്സിൽ ഇത്തരം മാറ്റങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ ഡ്രോണുകൾ സുരക്ഷിതമായി സഞ്ചരിക്കുമ്പോൾ 3000 രൂപ ചിലവിൽ 1600 കിലോമീറ്റർ വേഗതയിൽ 2000 ആളുകളെ കൊണ്ടുപോവാൻ കഴിയുമെങ്കിൽ, കൃത്രിമ ബുദ്ധി നമ്മുടെ ട്രാഫിക് സംവിധാനങ്ങളെ മുഴുവൻ നിയന്ത്രിക്കുമെങ്കിൽ ലോകം അത്തരം സംവിധാനങ്ങളെ സ്വീകരിക്കുമെന്ന് ഉറപ്പാണ്. അപ്പോൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം അഥവാ സാങ്കേതിക ജ്ഞാനം അതിനുമുൻപൂ ശേഷമോ ആണോ മാറേണ്ടത് എന്നതാണ് കാതലായ വശം.

ലോക സാമ്പത്തിക ഫോറത്തിൽ നടന്ന ചർച്ചയിൽ സിറ്റി ഗ്രൂപ്പ് തലവനായ വിക്രം പണ്ഡിറ്റ് ബാങ്കിംഗ് രംഗത്ത് വന്നു ചേർന്നതും അടുത്തുതന്നെ വരാൻ പോകുന്നതുമായ മാറ്റങ്ങളെ കുറിച്ച്

> **പല ഓട്ടോമൊബൈൽ കമ്പനികളും ടെക്ക് കമ്പനികൾ ആയി മാറിക്കഴിഞ്ഞു. വാഹനങ്ങൾ ഹൈബ്രിഡ് ആയി മാറിക്കൊണ്ടിരിക്കുന്നു. പൂർണ്ണ ഓട്ടോമാറ്റഡ് വാഹനങ്ങൾ അടുത്ത അഞ്ചു വർഷങ്ങൾ കൊണ്ട് നമ്മുടെ റോഡുകൾ കീഴടക്കും.**



പ്രതിപാദിക്കുന്നുണ്ട് . മൂന്നിൽ ഒരു ബാങ്ക് തൊഴിലാളി വീതം പുറത്തു പോകേണ്ടി വരുമെന്നും ബാങ്കുകൾ കാലഹരണപ്പെട്ടു ബാങ്കിംഗ് എന്ന സംവിധാനം മാത്രമായി നിലനിൽക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഡിജിറ്റൽ കറൻസിയും ഓൺലൈൻ ഇടപാടുകളും ബാങ്കുകളെ പൂർണമായ ഓട്ടോമേഷനിലേക്ക് എത്തിക്കും എന്ന്

**ത്രിഡി പ്രിന്റിങ്ങിലൂടെ ആർട്ടിഫിഷ്യൽ കിഡ്നി വികസിപ്പിച്ചെടുത്ത ആന്റണി അറ്റാല പറയുന്നത് മനുഷ്യാവയവങ്ങൾ ഓരോന്നും ത്രീഡി പ്രിന്റിങ്ങിലൂടെ കൃത്രിമമായി നിർമ്മിക്കാൻ കഴിയുമെന്നും ആയുർദൈർഘ്യം കൂടു മെന്നും സാങ്കേതിക വിദ്യകൾ ആശുപത്രി, ഡോക്ടർ, ചികിത്സ എന്നീ സംവിധാനങ്ങളൊക്കെയും കയ്യടക്കുമെന്നുമാണ്.**

ഉറപ്പാണ്. ഇത് ബാങ്കുകളുടെ പ്രവർത്തനത്തെ ബാധിക്കില്ലെങ്കിലും ആയിരക്കണക്കിന് തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തും. ബ്ലോക് ചെയിൻ ടെക്നോളജിയും വ്യാപകമാകുമെന്നാണ് മനസ്സിലാവുന്നത്. ആരോഗ്യ വിദ്യാഭ്യാസരംഗത്ത് നൂതനമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കൃത്രിമ ബുദ്ധിയും ഡാറ്റ അനലിറ്റിക്സും റോബോട്ടിക് ബോട്ടുകളും സാങ്കേതികവിദ്യകളുടെ പൂർണമായ മാറ്റം രോഗനിർണയത്തിലും പരിഹാരത്തിലും സാധ്യമാക്കും. ഇത് ആരോഗ്യരംഗത്ത് വലിയതൊഴിൽ മാറ്റങ്ങൾ ഉണ്ടാക്കും. മെഡിക്കൽ - പാരാമെഡിക്കൽ രംഗത്ത് സാങ്കേതിക വിദ്യകളുടെ ആധിപത്യം ഉണ്ടാകും. ത്രിഡി പ്രിന്റിങ്ങിലൂടെ ആർട്ടിഫിഷ്യൽ കിഡ്നി വികസിപ്പിച്ചെടുത്ത ആന്റണി അറ്റാല പറയുന്നത് മനുഷ്യാവയവങ്ങൾ ഓരോന്നും ത്രീഡി പ്രിന്റിങ്ങിലൂടെ കൃത്രിമമായി നിർമ്മിക്കാൻ കഴിയുമെന്നും ആയുർദൈർഘ്യം കൂടുമെന്നും സാങ്കേതികവിദ്യകൾ ആശുപത്രി, ഡോക്ടർ, ചികിത്സ എന്നീ സംവിധാനങ്ങളൊക്കെയും കയ്യടക്കുമെന്നുമാണ്.

ഇത്തരം മാറ്റങ്ങൾ ഊർജ്ജമേഖല, ഓട്ടോമൊബൈൽ മേഖല, ആരോഗ്യരംഗം, വിവര സാങ്കേതികരംഗം, പൊതു സേവന വിതരണ രംഗം എന്നിവിടങ്ങളിലൊക്കെ അതിവേഗം ഉണ്ടാകുന്നു എന്നതാണ് നാലാം വ്യാവസായിക വിപ്ലവത്തിലൂടെ പ്രകടമാകുന്നത് . നമ്മുടെ സാങ്കേതിക വിദ്യാഭ്യാസം ഇതിനെ ഉൾക്കൊള്ളാൻ ഇപ്പോഴും സജ്ജമായിട്ടുണ്ടോ അല്ലെങ്കിൽ സമീപഭാവിയിൽ ഉണ്ടാകുന്ന ഇത്തരം സാങ്കേതിക വിസ്ഫോടനങ്ങൾ നമ്മുടെ പരമ്പരാഗത തൊഴിൽ രീതികൾ മാറ്റിമറിക്കുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയാതെ നമ്മുടെ ഭാവി തലമുറ എന്തായി മാറും എന്നുള്ളത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ പെട്ടെന്ന് തന്നെ

വരുത്തേണ്ട മാറ്റങ്ങളെ കാണിക്കുന്നു.

ദീർഘമായ സാങ്കേതിക ജ്ഞാനമാർജിക്കുന്ന കോഴ്സുകൾക്ക് പകരം ചെറിയ ചെറിയ നൈപുണി വികസന കോഴ്സുകൾ, അതിവേഗം മാറുന്ന സാങ്കേതിക വിദ്യകൾക്കനുസരിച്ചുള്ള അപ്ഡേറ്റ് സിലബസുകൾ, അക്കാദമിക തലവും വ്യവസായ തലവും തമ്മിലുള്ള വിടവ് നികത്താൻ ആവശ്യമായ പരിഷ്കാരങ്ങൾ, സ്കൂൾ തലത്തിൽ തന്നെ നൈപുണി വിദ്യാഭ്യാസം തുടങ്ങി സീറോയിൽ നിന്ന് മേക്കറേയും മേക്കറിൽ നിന്ന് സംരംഭകനെയും സൃഷ്ടിക്കുന്ന സ്കൂൾ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിൽ ഉണ്ടാകേണ്ട മാറ്റങ്ങൾ, ഹയർ സെക്കൻഡറി തലത്തിൽ എത്തുമ്പോഴേക്കും നാലോ അഞ്ചോ തൊഴിൽ നൈപുണികൾ പഠിച്ച് കോളേജുകളിൽ എത്തുമ്പോൾ അത് ഉൽപ്പന്നമോ സേവനമോ ആക്കി സ്വയം പര്യാപ്തനാക്കി മാറ്റുന്ന പാഠ്യപദ്ധതികൾ എന്നിവയൊക്കെ ഉടനടി നടപ്പിലാക്കേണ്ടവയാണ്.

സമാനതകൾ ഇല്ലാത്ത ജനസംഖ്യയുടെ, യുവത്വത്തിന്റെ ആനുകൂല്യം കൈമുതലാക്കി ഇന്ത്യക്ക് ഈ പരിവർത്തനകാലത്ത് നേട്ടം കൊയ്യുവാൻ അവസരങ്ങൾ ഏറെയാണ്. ചരിത്രത്തിലെ വിവിധ കാലഘട്ടങ്ങൾ ഇന്ത്യയെ ലോകാധിപത്യത്തിലേക്കും അടിമത്വത്തിലേക്കും നയിച്ചിട്ടുണ്ട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിനെ എങ്ങോട്ട് നയിക്കണമെന്നത് സൈനിക ശക്തികൊണ്ടോ കുത്തക ആധിപത്യം കൊണ്ടോ കോർപ്പറേറ്റ് ഭീമന്മാരെ കൊണ്ടോ ആവരുത്. അതിൻറെ ഊഴം നമ്മുടെ രാജ്യത്തെ യുവജനങ്ങൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകൾ ത്വരിത ഗതിയിലുള്ള വളർച്ച സാധ്യതകൾ ലക്ഷ്യമാക്കി സുസ്ഥിര വികസനത്തിൽ ഊന്നിയ സാമ്പത്തിക സംരംഭങ്ങൾക്ക് വേണ്ടി ഉപയോഗിക്കുവാൻ കഴിയേണ്ടതുണ്ട്. തൊഴിൽ നേടുന്നവരിൽ നിന്ന് തൊഴിൽ ദാതാക്കളിലേക്കുള്ള പരിണാമമാണ് ക്ഷേമ രാഷ്ട്രത്തിൻറെ ലക്ഷ്യമാവേണ്ടത്. നമ്മെ അകപ്പെടുത്തിയേക്കാവുന്ന ചതിക്കുഴികൾ കൃത്യമായി മറികടക്കാൻ, നമ്മെ ത്രസിപ്പിക്കുന്ന സുന്ദരമായ ഭൂമികകളെ നമുക്ക് അനുഭവിക്കാൻ കഴിയുന്ന, നമ്മുടെ ലക്ഷ്യത്തിലേക്ക് വ്യക്തമായ മാർഗ്ഗദർശനം നൽകുന്നതാകണം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.●

**(ലേഖകൻ മുൻ സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗവും എഴുത്തുകാരനുമാണ് )**


ഗുണമേന്മയുള്ള നോട്ടുബുക്കുകൾ
മിതമായ നിരക്കിൽ ലഭ്യമാണ്...
WHITE CRAFT
A NOTE BOOK MANUFACTURING COMPANY
PANDALAM, PATHANAMTHITTA, PIN-689501,
www.whitecraftbooks.com
PH: 9496590142



പടവുകൾ

## കാർഷിക ഭക്ഷ്യ മൂല്യവർദ്ധക സംരംഭകർക്ക്

# കൃഷി വകുപ്പിന്റെ സബ്സിഡി 50% വരെ



ടി. എസ്. ചന്ദ്രൻ

50% വരെ നിക്ഷേപ സബ്സിഡി ഇപ്പോൾ ലഭ്യമാണ്. കാർഷിക- ഭക്ഷ്യ സംരംഭങ്ങളിൽ മൂല്യവർദ്ധന നടപ്പാക്കുന്ന സംരംഭങ്ങൾക്കാണ് ആനുകൂല്യം. കേരളത്തിലെ കാർഷിക കർഷക ക്ഷേമ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC- Kerala) ആണ് പദ്ധതി നടപ്പാക്കുന്നത്. കാർഷിക മേഖലയിലെ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി എന്നാണ് ഇതിന്റെ പേര്. സ്റ്റാർട്ടപ്പുകൾ, എം. എസ്. എം. ഇ കൾ, കാർഷിക ഉൽപാദന സംഘടനകൾ എന്നിവയുടെ വികസനത്തിലൂടെ കേരളത്തെ ഒരു ഭക്ഷ്യ സംസ്കരണ ഹബ്ബ് ആക്കി മാറ്റുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷ്യസംസ്കരണ രംഗത്ത് പ്രാഥമിക സംസ്കരണം, മൂല്യവർദ്ധനവ് എന്നീ പ്രവർത്തനങ്ങൾക്ക് ആനുകൂല്യം ലഭിക്കും.

## പദ്ധതി ആനുകൂല്യങ്ങൾ

1. 10 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ സ്ഥിര നിക്ഷേപം വരുന്ന സൂക്ഷ്മ സംരംഭങ്ങൾക്ക് അവരുടെ നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു.

2. 25 ലക്ഷം മുതൽ ഒരു കോടി വരെ സ്ഥിര നിക്ഷേപം വരുന്ന ചെറുകിട സംരംഭങ്ങൾക്ക് അവരുടെ നിക്ഷേപത്തിന്റെ 30% പരമാവധി 50 ലക്ഷം രൂപ വരെ സബ്സിഡിയായി വിതരണം ചെയ്യുന്നു.

(എസ്. എം. ഇ കേരള ഇവിടെ നിർവചിച്ചിരിക്കുന്നത് കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ പുതിയ മാനദണ്ഡം

അനുസരിച്ചല്ല)

## അർഹത

* പ്രൊപ്രൈറ്ററി, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനികൾ, ഫാർമർ പ്രൊഡ്യൂസർ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവക്കെല്ലാം അർഹത ഉണ്ടായിരിക്കും.
* പദ്ധതി നടത്തിപ്പിനാവശ്യമായ കെട്ടിടം, യന്ത്രസാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ, അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യ വാങ്ങൽ, ആധുനിക പാക്കേജിംഗ് സംവിധാനങ്ങൾ, സർക്കാർ ഗവേഷണ സ്ഥാപനങ്ങളിലെ പരിശീലന ചെലവുകൾ എന്നിവ സബ്സിഡിക്കായി പരിഗണിക്കും.
* പ്രാഥമിക സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും സബ്സിഡി ലഭിക്കും. കട്ട് വെജിറ്റബിൾസ്, ഫ്രൂട്ട്സ്, റെഡി റ്റു കുക്ക് ഇനങ്ങൾ, ഫാം ടു ഫോർക്ക് മുളപ്പിച്ചവ, ന്യൂട്രി ഗ്രീൻ/ മൈക്രോ ഗ്രീൻ, മിനറൽ പ്രോസസിംഗ്, നിയന്ത്രിത അന്തരീക്ഷ പാക്കേജിംഗ് തുടങ്ങിയ സംരംഭങ്ങൾക്കും അർഹത.

പ്രാഥമിക സംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും സബ്സിഡി ലഭിക്കും. കട്ട് വെജിറ്റബിൾസ്, ഫ്രൂട്ട്സ്, റെഡി റ്റു കുക്ക് ഇനങ്ങൾ, ഫാം ടു ഫോർക്ക് മുളപ്പിച്ചവ, ന്യൂട്രി ഗ്രീൻ/ മൈക്രോ ഗ്രീൻ, മിനറൽ പ്രോസസിംഗ്, നിയന്ത്രിത അന്തരീക്ഷ പാക്കേജിംഗ് തുടങ്ങിയ സംരംഭങ്ങൾക്കും അർഹത.

* ഇതൊരു വായ്പാ ബന്ധിത സബ്സിഡി പദ്ധതിയാണ്. സമയ വായ്പ (ടേം ലോൺ) എടുത്ത സംരംഭങ്ങൾക്ക് മാത്രമാണ് അർഹത.

## സബ്സിഡിയിൽ നിന്നും ഒഴിവാക്കിയവ

* എണ്ണ മില്ലുകൾ, ധാന്യപ്പൊടികൾ, കറിപ്പൊടികൾ/ മസാലകൾ, ഇഡ്ഡലി- ദോശ- അപ്പം മാവ് യൂണിറ്റുകൾ, ബേക്കറികൾ, അരിമില്ല്, സോർട്ടക്സ് യൂണിറ്റുകൾ, കശുവണ്ടി, കയർ, കമ്പോസ്റ്റ്, ജൈവവളം, സോപ്പ് ഉൽപന്നങ്ങൾ ഔഷധങ്ങൾ എന്നീ യൂണിറ്റുകളെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
* പദ്ധതി പൂർണമായും നടപ്പാക്കിയശേഷം ബാക്ക് എന്റ് സബ്സിഡിയാണ് നൽകുക.

## ഓൺലൈനായി അപേക്ഷിക്കണം

www.stackkerala.org എന്ന സൈറ്റിൽ ഇതിന്റെ വിശദാംശങ്ങളും അപേക്ഷിക്കുവാനുള്ള ലിങ്കും നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ വിശദാംശങ്ങൾ, ഇനം, നിലവിലുള്ള അടിസ്ഥാന സൗകര്യം, മെഷിനറി രേഖകൾ, ജി. എസ്. റ്റി ബില്ലുകൾ സാക്ഷ്യപ്പെടുത്തിയ ലാഭനഷ്ടക്കണക്ക്, ബാലൻസ് ഷീറ്റ് തുടങ്ങിയ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം. ബാങ്ക് വായ്പാ വിവരങ്ങളും നൽകണം. പ്രൊപ്രൈറ്ററി അല്ലാത്ത സംരംഭങ്ങളുടെ കാര്യത്തിൽ ആയതിന്റെ രജിസ്ട്രേഷൻ, ബൈലോ/ മെമ്മൊറാണ്ടം തുടങ്ങിയ രേഖകളും സമർപ്പിക്കണം.

ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ ഒരു ഹാർഡ് കോപ്പി എസ്. എഫ്. എ. സി യുടെ ഓഫീസിലും സമർപ്പിക്കണം. എസ്. എഫ്. എ. സി യുടെ സാങ്കേതിക സമിതി/ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിന് ശേഷമാണ് സബ്സിഡി വിതരണം ചെയ്യുക. സബ്സിഡി തുക 3 വർഷം സംരംഭകന്റെ അക്കൗണ്ടിൽ ബാങ്കിൽ സൂക്ഷിക്കുകയും, അതിനുശേഷം പ്രവർത്തനം വിലയിരുത്തി ടേം ലോൺ അക്കൗണ്ടിലേക്ക് വരവ് വച്ച് നൽകുകയും ചെയ്യുന്നു. സബ്സിഡി കൈപ്പറ്റിയശേഷം 5 വർഷം സ്ഥാപനം പ്രവർത്തിച്ചു കൊള്ളാമെന്ന നിബന്ധനയും പാലിക്കേണ്ടതുണ്ട്.

എം. എസ്. എം. ഇ രംഗത്ത് ഏറ്റവും സാധ്യതയുള്ള ഒരു മേഖലയാണ് കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭ മേഖല. കുറഞ്ഞ മുതൽ മുടക്ക്, മികച്ച വിപണി, നല്ല ലാഭവിഹിതം എന്നിവ ഈ മേഖലയെ കൂടുതൽ ആകർഷകമാക്കുന്നു. ഈ രംഗത്ത് സംരംഭങ്ങൾ കെട്ടിപ്പടുക്കുന്നവർക്ക് വലിയ കൈത്താങ്ങാണ് കൃഷി വകുപ്പിന്റെ ഈ മൂല്യവർദ്ധക പ്രോത്സാഹന പദ്ധതി ●

**(സംസ്ഥാന വ്യവസായ വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)**

# അവതാറുമായി നവസംരംഭകർ

എഴുമാവിൽ രവീന്ദ്രനാഥ്

**കേരള** സ്റ്റാർട്ടപ്പ് മിഷൻ സംസ്ഥാനത്തിന്റെ വ്യാവസായിക പുരോഗതി ലക്ഷ്യമാക്കിയും നവീനാശയങ്ങളുടെ പ്രോത്സാഹനത്തിനുമായി സംഘടിപ്പിച്ച ഹഡിൽ ഗ്ലോബലിൽ രണ്ടു മലയാളി സഹോദരന്മാർ തങ്ങളുടെ ആഗോള പ്രശസ്തമായ ഉൽപന്നങ്ങളുമായി സന്ദർശകരെ അത്ഭുതപ്പെടുത്തുകയുണ്ടായി. കുറഞ്ഞ ചെലവിൽ പരിസ്ഥിതിയെ തെല്ലും മുറിവേൽപിക്കാതെ ആവോളം വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന വിൻഡ് ടർബൈനുകളായിരുന്നു ഇവരുടെ പ്രദർശനവസ്തു. ജലത്തിൽ നിന്നും, സൂര്യപ്രകാശത്തിൽ നിന്നും മാത്രമല്ല കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാമെന്ന കണ്ടുപിടുത്തം പുതിയതൊന്നുമല്ല. എന്നാൽ അതിലേയ്ക്ക് ഇവർ വികസിപ്പിച്ച മാധ്യമവും സാങ്കേതിക വിദ്യയുമാണ് ഏറ്റവും ശ്രദ്ധിയ്ക്കപ്പെട്ടത്. കാലം മാറുന്നതനുസരിച്ച് ഉയരുന്ന വൈദ്യുതി ഉപഭോഗത്തെപ്പറ്റിയും, പരിഷ്കരിക്കുന്ന വൈദ്യുതി നിരക്കിനെപ്പറ്റിയും, ഇടയ്ക്കുണ്ടാകുന്ന വൈദ്യുതി ക്ഷാമത്തെപ്പറ്റിയും അതു പരിഹരിയ്ക്കാൻ കൂടുതൽ നിരക്കിൽ പുറത്തു നിന്നും വാങ്ങുന്ന വൈദ്യുതിയെപ്പറ്റിയുമൊക്കെ നാം ഇടയ്ക്കിടെ അസ്വസ്ഥരാകാറുണ്ട്. ജനസംഖ്യാ വർദ്ധനവ് അനുസരിച്ച് പാർപ്പിട സമുച്ചയങ്ങൾ പെരുകുന്നതും വികസനത്തിന്റെ



ഭാഗമായി പുതിയ വ്യവസായ യൂണിറ്റുകൾ ഉയരുകയും ചെയ്യുമ്പോൾ വൈദ്യുതോപഭോഗം സ്വാഭാവികമാണ്.

16 മേജർ ഹൈഡൽ പ്രോജക്റ്റുകൾ, 15 മിനി ഹൈഡൽ യൂണിറ്റുകൾ, 2 തെർമൽ സ്റ്റേഷനുകൾ, ഒരു വിൻഡ് ഫാം എന്നിവയിൽ നിന്നും 2186.14 മെഗാവാട്ട് വൈദ്യുതിയാണ് നാം ഉൽപാദിപ്പിക്കുന്നത്. ആകെ ഉപഭോഗം 2314.9 മെഗാവാട്ടും. സംസ്ഥാനത്തെ വൈദ്യുതോർജ്ജത്തിന്റെ 46.2 ശതമാനം ഗാർഹിക ഉപയോഗത്തിനും 27.7 ശതമാനം വ്യാവസായികോപ ഭോഗത്തിനുമാണ് ചെലവിടുന്നത്. കൃഷി, വാണിജ്യം എന്നീ മേഖലകളിൽ യഥാക്രമം 11.8 ശതമാനം, 7.5 ശതമാനം എന്നിങ്ങനെയാണ് ഉപഭോഗം. അധികമയി വേണ്ടിവരുന്ന വൈദ്യുതി നാം കൂടിയ വില കൊടുത്താണ് വാങ്ങുന്നത്.

ഭാവിയിൽ ഇനിയും വൈദ്യുതോപഭോഗത്തോത് വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ ഇതിനുള്ള സ്രോതസ്സുകളാണ് നാം കണ്ടെത്തേണ്ടത്. പുരപ്പുറം സോളാർ എനർജി പദ്ധതി സംസ്ഥാനത്തു നടപ്പാക്കിത്തുടങ്ങി യിട്ടുണ്ടെങ്കിലും അതു വ്യാപകമായിട്ടില്ല. ഗാർഹികോപ ഭോഗത്തിനുള്ള 46.2 ശതമാനം എന്നതിന് ഒരു ബദൽ മാർഗമായിട്ടാണ് കാറ്റിൽ നിന്നുള്ള വൈദ്യുതോൽപാദനം എന്ന നവീനാശയം ഇവിടെ സ്റ്റാർട്ടപ്പ് ആയി അവത രിപ്പിയ്ക്കപ്പെടുന്നത്. ഇതു വ്യാപകമാക്കിയാൽ വൈദ്യുതോൽ പാദനത്തിൽ സ്വയംപര്യപ്തത നേടാൻ നമുക്കാകും. വ്യാവസായിക മേഖലയ്ക്ക് സമൃദ്ധമായി വൈദ്യുതി ന ൽകാനുമാവും. വീടുകളിൽ ഊർജ്ജോൽപാദനത്തിനായുള്ള ലളിതമായ മാർഗ്ഗം എന്ന നിലയിൽ വിൻഡ് ടർബൈനുകൾ വികസിപ്പിച്ച് വിപണനം നടത്തുക എന്ന ലക്ഷ്യം മുൻനിർത്തി ആരംഭിച്ച സംരംഭമാണ് വളരെ വിജയകരമായ നിലയിൽ പ്ര

**2015 ലാണ് അനൂപ് ജോർജ്ജ്, അരുൺ ജോർജ്ജ് എന്നിവർ പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപാദനം എന്ന ലക്ഷ്യമിട്ട് അവന്ത് ഗാർ എന്ന സ്ഥാപനം ആരംഭിയ്ക്കുന്നത്.**

വർത്തിച്ചു വരുന്നത്.

2015 ലാണ് അനൂപ് ജോർജ്ജ്, അരുൺ ജോർജ്ജ് എന്നിവർ പരിസ്ഥിതി സൗഹൃദ ഊർജ്ജോൽപാദനം എന്ന ലക്ഷ്യമിട്ട് അവന്ത് ഗാർ എന്ന സ്ഥാപനം ആരംഭിയ്ക്കു ന്നത്. ദീർഘകാലം കുറഞ്ഞ ചെലവിൽ വൈദ്യുതി ഉൽപാദിപ്പിയ്ക്കുക, വീടുക ൾക്കും ഓഫീസുകൾക്കും പ്രയോജനപ്ര ദമാകുക, റിപ്പയറിംഗ് ചെലവുകൾ ഇല്ലാതിരിയ്ക്കുക, ഉടമകൾക്ക് സ്വയം അനായാസം ഓപ്പറേറ്റു ചെയ്യാനാവുക, പ








അനൂപ് ജോർജ്ജ്

രിമിതമായ സ്ഥലം മാത്രം വേണ്ടിവരുക തുടങ്ങിയ പ്രത്യേകതകളും തങ്ങളുടെ ഉൽപന്നത്തിന് ഉണ്ടാവണം എന്നായിരുന്നു അവരുടെ ഉദ്ദേശ്യം നിരവധി വർഷങ്ങളിലെ ഗവേഷണ നിരീക്ഷണ ങ്ങൾക്കു ശേഷം അങ്ങനെ രൂപം കൊണ്ടതാണ് അവതാർ- 1 എന്ന വിൻഡ് ടർബൈൻ. ഇളംകാറ്റു മുതൽ കൊടുങ്കാറ്റു വരെ ഒരേപോലെ കൈകാര്യം ചെയ്യുന്നവയാണ് ഈ കാറ്റാടികൾ. ഒരു കുടുംബ ത്തിന് ആവശ്യമായ 3 കിലോവാട്ട് വൈദ്യുതി നിത്യവും പ്രദാനം ചെയ്യാൻ കഴിയുന്നവയാണ് അവതാർ-1.

ലോകത്തെങ്ങുമുള്ള 200 പ്രകൃതി സൗഹൃദ ഊർജ്ജോൽപാദക സ്റ്റാർട്ടപ്പുകളിൽ നിന്ന് 2019-ൽ ഏറ്റവും മികച്ചതെന്ന് യു. എൻ. ഇന്നവേഷൻ ഉച്ചകോടി സാക്ഷ്യപ്പെടുത്തിയ ഉൽപന്നമാണ് അവതാറിന്റേത്. സാങ്കേതിക വിദഗ്ദ്ധരും ഊർജ്ജ മേഖലയിലെയും, പരിസ്ഥിതി സംരക്ഷണ മേഖലയിലെ പ്രഗത്ഭരും ചേർന്ന് ലോകത്തിലെ മികച്ച 20 ക്ലീൻടെക്ക് സ്റ്റാർട്ടപ്പുകളായി തെരഞ്ഞെടുത്ത സംരംഭങ്ങളിലും അവതാർ- 1 ന്റെ ഉൽപാദകരുടെ സ്വപ്നസംരംഭം ഇടം നേടി.

സോളാർ പാനലിന്റെ മൂന്നിലൊന്ന് ഇടംമതി ഈ ടർബൈനുകൾ സ്ഥാപിയ്ക്കാൻ. ഇടതടവില്ലാതെ രാവും പകലും പ്രവർത്തിയ്ക്കുന്ന കാറ്റാടികൾ കാറ്റു വീശുന്ന ദിക്കിലേയ്ക്ക് താനേ തിരിയും. ഇവയുടെ ചിറകുകൾക്കിടയിൽപ്പെട്ട് പക്ഷികൾക്ക് അപ കടമുണ്ടാവാതിരിയ്ക്കാൻ വേണ്ട മുൻകരുതലും കമ്പനി ഉറപ്പു നൽകുന്നു. രാത്രിയിലും ഇത് പക്ഷി

സുരക്ഷ ഉറപ്പാക്കുന്നുവത്രേ.


സമാന ഉൽപന്നങ്ങൾക്ക് 2 ലക്ഷം രൂപ വരെയാകും ചെലവെങ്കിൽ അവതാർ ഒന്നിനു വെറും എൺപതിനായിരം രൂപ മാത്രം. ഏതാനും വർഷം കൊണ്ട് മുടക്കു മുതൽ തിരിച്ചു കിട്ടുമെന്നുറപ്പും കമ്പനി തരുന്നു. ജനങ്ങളുടെ ആവശ്യം, വിപണിയിലെ നില, എന്നിവയൊക്കെ പഠിച്ച് വിവിധ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തിയ ശേഷമാണ് അവതാർ ഒന്ന് വിപണിയിലെത്തിയത്. അന്റാർട്ടിക്ക, ആസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളൊഴിച്ച് എല്ലായിടത്തും അവതാർ ഇന്നൊവേഷൻസ് എത്തിച്ചേർന്നു കഴിഞ്ഞു.

നവീനാശയങ്ങളിലൂടെ വിസ്മയം തീർക്കാൻ ആഗ്രഹിയ്ക്കുന്ന പുതു തലമുറയ്ക്ക് അവതാർ ഒരു മാതൃകയാണ്. ഒരു ഉൽപന്നത്തെപ്പറ്റിയുള്ള ആശയം മനസിലുദിച്ചാൽ അതിന്റെ സാങ്കേതികവിദ്യ നിലവിലുണ്ടെങ്കിൽ അതെപ്പറ്റി വേണം ആദ്യം പഠിക്കാൻ. തുടർന്ന് അതിന്റെ ന്യൂനതകളെപ്പറ്റി സമഗ്രമായ വിശകലനം നടത്തണം. വിപണിയിലെ സമാന ഉൽപന്നങ്ങൾ അവയിലെ ലീഡിങ്ങ് ഉൽപന്നം എന്നിവയാവണം പഠനത്തിൽ പിന്നീട് വരേണ്ടത്. അതിന്റെ വില, ഉൽപാദകർ നൽകുന്ന സേവനം ഗുണഭോക്താക്കൾ അഥവാ ഉപഭോക്താക്കൾക്കിടയിലുള്ള അഭിപ്രായം ഇവയറിയണം തുടർന്നു വേണം ഗൃഹപാഠം ആരംഭിയ്ക്കാൻ.

ഇതിനുശേഷമാണ് വിവിധ തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ കൊണ്ടുള്ള പരീക്ഷണങ്ങൾ. കമ്പനിയ്ക്കുണ്ടാവുന്ന ലാഭത്തേക്കാൾ ഗുണഭോക്താക്കൾക്കുണ്ടാകന്ന പ്രയോജനങ്ങൾ കൂടി കണക്കിലെടുക്കണം. എന്നുവെച്ച് നഷ്ടത്തിൽ ഉൽപാദനം നടത്തണമെന്നല്ല. ഉൽപാദനച്ചെലവ്, വിപണനത്തിനുള്ള ചെലവ് എന്നിവ കൃത്യമായി കണക്കു കൂട്ടണം. വിപണിയിലെ ചാഞ്ചാട്ടവും വിലയിരുത്തണം. ഇതോടൊപ്പം തത്തുല്യ ഉൽപന്നങ്ങളുടെ വിലയും കണക്കിലെടുക്കണം.

മറിച്ച്, നിലവിലില്ലാത്ത ഒരു സാങ്കേതിക വിദ്യയാണ് പരീക്ഷിയ്ക്കുന്നതെങ്കിൽ ഉപഭോക്താക്കൾക്കിടയിലെ ബോധവൽക്കരണം അനിവാര്യമാണ്. ഇവിടെയും തത്തുല്യമായതോ അതിനടുത്തു നിൽക്കുന്നതോ ആയ ഉൽപന്നങ്ങൾ ഉണ്ടാവും. അവ നൽകാത്ത സൗകര്യങ്ങളാവും നമ്മളുടേതെന്ന പ്രചാരണവും ഇവിടെ പരോക്ഷമായുണ്ടാവണം. മറ്റു ഉൽപന്നങ്ങളെയോ, സ്ഥാപനങ്ങളേയോ ഒരിക്കലും പ്രത്യക്ഷത്തിൽ കുറ്റപ്പെടുത്തുന്നതോ വിമർശിയ്ക്കുന്നതോ ആയ സമീപനം പാടില്ല. കൺസ്യൂമേഴ്സ് എന്ന വിഭാഗം ബുദ്ധിയും വിവേകവും വിശകലന ബോധവും ഉള്ളവരാണെന്നതോർക്കുക. പ്രത്യക്ഷത്തിൽ ചില ഉൽപന്നങ്ങളെയും കമ്പനികളെയും കുറ്റപ്പെടുത്തി പ്രചാരണം നടത്തുന്നത് ഗുണത്തേക്കാൾ ദോഷമാവും ഫലം ചെയ്യുക. ഇതു ചിലപ്പോൾ വ്യവഹാരങ്ങളിലേക്കു വരെ നയിച്ചേക്കാം.

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ, യോഗ്യതകളുള്ള സാങ്കേതിക വിദഗ്ദ്ധർ, ദീർഘകാല ഈടുനിൽപ്, ആശ്വാസകരമായ വില, മികച്ച വിൽപനാനന്തര സേവനം ഇവയെല്ലാം ഒരു സംരംഭത്തിന്റെ റേറ്റിങ്ങ് കൂട്ടുന്നു. പരസ്യങ്ങളിൽക്കൂടി ഊതിപ്പെരുപ്പിച്ചുണ്ടാക്കുന്ന ഇമേജുകൾക്ക് ആയുസധികം ഉണ്ടാവുകയില്ല. ബ്രാന്റ് ഇമേജ് സ്വയം സൃഷ്ടിക്കപ്പെടേണ്ടതാണ്. നമുക്കറിയാം നൂറ്റാണ്ടിന്റെ പാരമ്പര്യവുമായി പല ഉൽപന്നങ്ങളും ഇന്നും വിപണിയിൽ ശാന്തമായൊഴുകുന്നുണ്ട്. കാലമെത്ര കഴിഞ്ഞാലും, ഉൽപന്നങ്ങളെത്ര തന്നെ വന്നാലും, മത്സരങ്ങൾ ശക്തമായാലും അവയുടെ വിപണി ആർക്കും പരിഹരിയ്ക്കാനാവില്ല. അത് ഓരോ സംരംഭകനും പാഠമാക്കേണ്ടതാണ്. ●



കവർസ്റ്റോറി



# മൂന്ന് മാർക്കറ്റിംഗ് തന്ത്രങ്ങൾ



**ഡോ. സുധീർ ബാബു**

## വിഭിന്നത്വം (Differentiation)

കണ്ണഞ്ചിപ്പിക്കുന്ന കടും നിറങ്ങളുള്ള, സാധാരണ കാണുന്നവയിൽ നിന്നും വ്യത്യസ്തങ്ങളായ ഡിസൈനുകളിലുള്ള സോക്സുകൾ ഉപയോഗിക്കാറുണ്ടോ? കേൾക്കുമ്പോൾ തന്നെ നെറ്റി ചുളിയും. അതെല്ലാം കുട്ടികൾക്കല്ലേ. എന്നാൽ ഹാപ്പിസോക ്സ് ചിന്തിച്ചത് തികച്ചും വേറിട്ട രീതിയിലാണ്. അസാധാരണ നിറങ്ങളും അതിശയിപ്പിക്കുന്ന രൂപകല്പ്പനയും (Design) സമന്വയിപ്പിച്ച സർഗ്ഗാത്മകതയാണ് ഹാപ്പിസോക്സ് എന്ന സ്വീഡിഷ് കമ്പനിയുടെ പ്രത്യേകത.

ആര് വാങ്ങാൻ എന്ന് ചിന്തിച്ചാൽ തെറ്റി. ഹാപ്പിസോക്സിന്റെ വിപണി ഇന്ന് 90 രാജ്യങ്ങളിലായി പടർന്നു കിടക്കുന്നു. എന്താണ് അവരുടെ വിജയ രഹസ്യം എന്ന് ചൂഴ്ന്നു നോക്കിയാൽ നമുക്ക് കണ്ടെത്താൻ കഴിയുന്നത് ഹാപ്പിസോക്സിന്റെ ഉത്പന്നങ്ങൾക്കുള്ള വ്യത്യസ്തതയാണ്. എതിരാളികൾ ഒരേ രീതിയിൽ ചിന്തിക്കുമ്പോൾ

ഹാപ്പിസോക്സ് വിഭിന്നമായി ചിന്തിക്കാൻ ശ്രമിക്കുന്നു. അവരുടെ ഉപഭോക്താക്കൾ ഇന്ന് ആ ബ്രാന്റ് അണിയുന്നതിൽ ആനന്ദിക്കുന്നു, അഭിമാനിക്കുന്നു.

വിപണിയുടെ മനസിനെ എളുപ്പം കീഴടക്കാവുന്ന ആഗ്നേയാസ്ത്രമാണ് വിഭിന്നത്വം (Differentiation) എന്ന തന്ത്രം. കലുഷിതമായ, രൂക്ഷമത്സരം നിറഞ്ഞു നില്ക്കുന്ന വിപണിയിലേക്ക് എതിരാളികളുടെ ഉത്പന്നങ്ങളുടേത് പോലെ സമാനമായവയുമായി കടന്നു ചെന്നാൽ വിജയിക്കുവാനുള്ള സാധ്യത വിരളമാണ്. വിഭിന്നത്വം അഥവാ വ്യത്യസ്തത വിജയതന്ത്രമായി മാറുന്നതിവിടെയാണ്. വ്യത്യസ്തമായ അനുഭവം പ്രദാനം ചെയ്യുന്ന ഉത്പന്നങ്ങളെ ഉപഭോക്താക്കൾ നെഞ്ചോട് ചേർക്കുന്നു.

Tesla ഇലക്ട്രിക് കാർ വിപണിയിൽ ചലനം സൃഷ്ടിച്ചത് അതിന്റെ അതുല്യമായ സവിശേഷതകൾ മൂലമാണ്. അവ യഥാർത്ഥത്തിൽ കടന്നു ചെന്നത് ഓരോ ഉപഭോക്താവിന്റെയും ഹൃദയത്തിലേക്കായിരുന്നു. പരിസ്ഥിതി സൗഹാർദ്ദതയുംസാങ്കേതികത്തികവും മാത്രമായിരുന്നില്ല അതിനുള്ള കാരണങ്ങൾ. മറ്റ് കാറുകളിൽ നിന്നും വിഭിന്നമായ അതിന്റെ അനുപമസൗന്ദര്യം കൂടി ഉപഭോക്താവിനെ വശീകരിച്ചു. എതിരാളികൾക്കില്ലാത്ത സവിശേഷതകൾ Tesla യെ വ്യത്യസ്തമാക്കി.

**Tesla ഇലക്ട്രിക് കാർ വിപണിയിൽ ചലനം സൃഷ്ടിച്ചത് അതിന്റെ അതുല്യമായ സവിശേഷതകൾ മൂലമാണ്. അവ യഥാർത്ഥത്തിൽ കടന്നു ചെന്നത് ഓരോ ഉപഭോക്താവിന്റെയും ഹൃദയത്തിലേക്കായിരുന്നു. പരിസ്ഥിതി സൗഹാർദ്ദതയും സാങ്കേതികത്തികവും മാത്രമായിരുന്നില്ല അതിനുള്ള കാരണങ്ങൾ.**

ഉപഭോക്താവിന്റെ ആഗ്രഹാനുസരണം വാഹനത്തിൽ മാറ്റങ്ങൾ ഉൾക്കൊള്ളിക്കുവാനുള്ള



സൗകര്യം, സോളാർ പാനലുകൾ, പെട്ടെന്ന് ചാർജ്ജ് ചെയ്യാവുന്ന സവിശേഷത, സ്വയം ഡ്രൈവ് (Self-Drive) എന്നിവ Tesla യെ വ്യത്യസ്തമാക്കുന്നു. മറ്റുള്ളവരിൽ നിന്നും Tesla യെ മാറ്റിനിർത്തുന്നതും ഉത്പന്നത്തിന്റെ സവിശേഷതകൾ തന്നെയാണ്. ശക്തമായ മത്സരം പ്രതീക്ഷിക്കുന്ന ഇലക്ട്രിക് കാർ വിപണിയിൽ തങ്ങളുടേതായ വ്യക്തിമുദ്ര മുൻകൂട്ടി പതിപ്പിക്കുവാൻ വിഭിന്നത്വത്തിലൂടെ Tesla ക്ക് കഴിഞ്ഞിരിക്കുന്നു.

വിപണിയിൽ മേൽക്കൈ നേടാൻ വിഭിന്നത്വം (Differentiation) സഹായിക്കും. തന്റെ ഉപഭോക്താക്കൾക്ക് എതിരാളികൾ നൽകുന്ന അനുഭവങ്ങളിൽ (Experiences) നിന്നും വ്യത്യസ്തമായവ നൽകുവാൻ കഴിയുന്നുണ്ടോ എന്ന് സംരംഭകൻ വിലയിരുത്തേണ്ടതുണ്ട്. വിലകൾ തമ്മിലുള്ള താരതമ്യവും മത്സരവും ഇവിടെ അപ്രസക്തമാകുന്നു. ഉത്പന്നത്തിന്റെ ഉയർന്ന മൂല്യം കൂടിയ വില നൽകി അത് സ്വന്തമാക്കുവാൻ ഉപഭോക്താവിനെ പ്രേരിപ്പിക്കുന്നു.

ഉത്പന്നത്തിന്റെ സവിശേഷതകളും മേന്മകളും മനസിൽ പതിയുന്നതോടെ ഉപഭോക്താവ് ബ്രാന്റിൽ ആകൃഷ്ടനാകുന്നു. ഇത് സുദീർഘമായ ഒരു ബന്ധത്തിന്റെ തുടക്കമാണ്. ഇത്തരമൊരു അവബോധം സൃഷ്ടിക്കലാവണം മാർക്കറ്റിംഗിന്റെ ലക്ഷ്യം. എതിരാളികൾക്കു മേൽ അധീശത്വം സ്ഥാപിക്കുവാൻ ഇത് സഹായകരമാകുന്നു.


ഉത്പന്നത്തെക്കുറിച്ചുള്ള ആശയം ഉടലെടുക്കുമ്പോൾ തന്നെ അതെങ്ങിനെ വ്യത്യസ്തമാക്കാം എന്ന് സംരംഭകൻ ചിന്തിക്കേണ്ടതുണ്ട്. ഉപഭോക്താക്കൾ സമാനകതകളില്ലാത്ത അനുഭവങ്ങൾക്കും ഉയർന്ന മൂല്യങ്ങൾക്കുമായി ദാഹിക്കുന്നവരാണ് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞാൽ ഇത് സാധ്യമാകും. വിഭിന്നത്വം (Differentiation) കിടമത്സരത്തിനെതിരെയുള്ള (Competition) ഒരു ആയുധമാണ്. വിപണിയിൽ അത് നിങ്ങളെ വ്യത്യസ്തനാക്കും.

## റേസർ ആന്റ് ബ്ലേഡ്സ് (Razor and Blades)

ബാർബർ ഷോപ്പുകളിൽ ഉപയോഗിക്കുന്ന ഷേവിംഗ് കത്തികൾ കണ്ടിട്ടില്ലേ? ഓരോ തവണയും ഷേവ് ചെയ്യേണ്ട ആവശ്യം വരുമ്പോൾ ബാർബർ അതിൽ പുതിയൊരു ബ്ലേഡ് ഇടും. ദിവസം അമ്പത് പേർക്ക് ഷേവ് ചെയ്യുന്ന ബാർബർ ഷോപ്പിൽ അമ്പത് ബ്ലേഡുകൾ വേണം. ഷേവിംഗ് കത്തി മാറുന്നില്ല പകരം ബ്ലേഡുകൾ മാറിക്കൊണ്ടിരിക്കുന്നു. കത്തിയിലെ ആദ്യ നിക്ഷേപം ചെറുതും ദീർഘകാലത്തേക്കുമാണ് എന്നാൽ അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകളുടെ ഉപഭോഗം കൂടുതലാണ്.

കിംഗ് കാംപ്ഗില്ലറ്റ് ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് "ഗില്ലറ്റ്'' (Gillette) എന്ന ബ്രാൻഡ് അവതരിപ്പിക്കുന്നത്. ഉപഭോക്താവിന് സ്വയം ഷേവ് ചെയ്യാവുന്ന ഡിസ്പോസിബിൾ ബ്ലേഡുകളുമായി ഗില്ലറ്റിന്റെ റേസറുകൾ വിപണിയിലെത്തി. റേസറുകൾക്ക് വില വളരെ കുറവായിരുന്നു എന്നാൽ അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകൾക്ക് ഉയർന്ന വിലയായിരുന്നു ഈടാക്കിയിരുന്നത്.

ഒരു തവണ ഗില്ലറ്റ് റേസർ വാങ്ങുന്ന ഉപഭോക്താവ് അതിൽ ഉപയോഗിക്കുന്ന ബ്ലേഡുകൾ വാങ്ങിക്കൊണ്ടേയിരിക്കും. ഉപഭോക്താവ് റേസർ വലിച്ചെറിഞ്ഞ് പുതിയൊരെണ്ണം വാങ്ങുവാൻ ശ്രമിക്കുകയില്ല പകരം അതിന് അനുരൂപമായ (Compatible) ബ്ലേഡ് വാങ്ങി ഉപയോഗിക്കും. ഗില്ലറ്റ് റേസറിൽ ഗില്ലറ്റ് ബ്ലേഡുകൾ മാത്രമേ പാകമാകുകയുള്ളൂ. മറ്റൊരു ബ്രാൻഡിന്റെ ബ്ലേഡ് അതിന് യോജിക്കുകയില്ല. ബൗദ്ധിക സ്വത്തുക്കളുടെ സംരക്ഷണം ഉള്ളത് കൊണ്ട് മറ്റാർക്കും അത് അനുകരിക്കുവാനും കഴിയുകയില്ല. റേസറിന്റെ വിൽപനയിലൂടെ അതിൽ ഉപയോഗിക്കുന്ന






ബ്ലേഡുകളുടെ നിരന്തരമായ വിൽപന കമ്പനി ഉറപ്പുവരുത്തുന്നു.

ഈ ബിസിനസ് തന്ത്രമാണ് "റേസർ ആന്റ് ബ്ലേഡ്സ്'' (Razor and Blades). വളരെ വില കുറച്ച് അല്ലെങ്കിൽ ചിലപ്പോൾ നഷ്ടത്തിൽ പോലും പ്രാഥമിക ഉത്പന്നം വിൽക്കുന്നു. പ്രാഥമിക ഉത്പന്നത്തിന്റെ വിൽപന അതിൽ ഉപയോഗിക്കുന്ന കൺസ്യൂമബിളിന്റെ നിരന്തരമായ വിൽപന ഉറപ്പു വരുത്തുന്നു. പ്രാഥമിക ഉത്പന്നത്തിൽ വരുന്ന നഷ്ടം അല്ലെങ്കിൽ ലാഭമില്ലായ്മ കണ്സ്യൂമബിളിന്റെ വിൽപനയിലൂടെ കമ്പനി നികത്തുന്നു. ഉയർന്ന ലാഭം തുടർച്ചയായി നൽകുന്ന വിൽപന കൺസ്യൂമബിളിൽ നിന്നും കമ്പനിക്ക് ലഭിക്കുന്നു.

ഇത് ഉപഭോക്താവിനെ പ്രലോഭിപ്പിക്കുന്ന ഇര കോർത്ത ചൂണ്ടയാണ് (Bait and Hook). ചെലവ് കുറഞ്ഞ അല്ലെങ്കിൽ സൗജന്യമായി ലഭിക്കുന്ന ആദ്യ ഉൽപന്നത്തിൽ ഉപഭോക്താവ് ആകൃഷ്ടനാകുന്നു. യഥാർത്ഥത്തിൽ കമ്പനി ലക്ഷ്യം വെക്കുന്ന വിൽപന അതിൽ ഉപയോഗിക്കുന്ന മറ്റ് അനുബന്ധ ഉത്പന്നങ്ങളുടെതാണ്. ഇങ്ക്ജെറ്റ്പ്രിന്റർ വിലക്കുറവിൽ ലഭിക്കുമ്പോൾ ഉപഭോക്താവ് സന്തോഷിക്കുന്നു. എന്നാൽ കമ്പനിയുടെ ലാഭം ഉപഭോക്താവ് തുടർച്ചയായി അതിൽ ഉപയോഗിക്കുവാൻ പോകുന്ന ഇങ്ക് കാട്രിഡ്ജിൽ നിന്നാണ് ലഭ്യമാകുന്നത്.

അമേരിക്കയിലെ സ്റ്റാൻഡേർഡ് ഓയിലിന്റെ ഉടമസ്ഥനായ ജോൺ ഡേവിസണ് റോക്ക്ഫെല്ലർ തന്റെ ബിസിനസ് ചൈനയിലേക്ക് വിപുലീകരിച്ചപ്പോൾ ഏകദേശം എൺപത് ലക്ഷം മണ്ണെണ്ണ വിളക്കുകൾ (Kerosene Lamps) സൗജന്യമായും വിലകുറച്ചും അവിടെ വിതരണം ചെയ്തു. റോക്ക്ഫെല്ലർ തന്റെ ലാഭം മണ്ണെണ്ണവിളക്കുകളിൽ

**ഇങ്ക്ജെറ്റ്പ്രിന്റർ വിലക്കുറവിൽ ലഭിക്കുമ്പോൾ ഉപഭോക്താവ് സന്തോഷിക്കുന്നു. എന്നാൽ കമ്പനിയുടെ ലാഭം ഉപഭോക്താവ് തുടർച്ചയായി അതിൽ ഉപയോഗിക്കുവാൻ പോകുന്ന ഇങ്ക് കാട്രിഡ്ജിൽ നിന്നാണ് ലഭ്യമാകുന്നത്.**

നിന്നല്ല പ്രതീക്ഷിച്ചത് മറിച്ച്മണ്ണെണ്ണയുടെ ഉപഭോഗം വർദ്ധിപ്പിക്കുകയും അതുവഴി മണ്ണെണ്ണ വിറ്റഴിക്കുകയും ചെയ്യുവാനാണ് അദ്ദേഹം ശ്രമിച്ചത്.

പ്രാഥമിക ഉത്പന്നം (ഉദാഹരണങ്ങളായി ചൂണ്ടിക്കാണിച്ച റേസർ, ഇങ്ക്ജെറ്റ്പ്രിന്റർ, മണ്ണെണ്ണ വിളക്ക് എന്നിവ) ചൂണ്ടയിൽ കോർത്ത ഇര മാത്രമാണ്. ഉപഭോക്താവിനെ പ്രലോഭിപ്പിക്കുവാനും ആകർഷിക്കുവാനുമുള്ള തന്ത്രം മാത്രം. ലക്ഷ്യം കൺസ്യൂമബിളുകളുടെ വിൽപനയാണ്. ബിസിനസിൽ ലാഭത്തിന്റെ സ്രോതസ്സ് അതാണ്. വിപണനത്തിൽ സംരംഭകർക്ക് ഈ തന്ത്രം പ്രയോഗിക്കാം.

## ഫാസ്റ്റ് ഫാഷൻ (Fast Fashion)

നിങ്ങൾ ഒരു സിനിമ കാണുകയാണ്. നായിക ധരിച്ചിരിക്കുന്ന വസ്ത്രത്തിൽ പെട്ടെന്ന് കണ്ണുകളുടക്കുന്നു. ഏറ്റവും പുതിയ ഫാഷനിലുള്ള

> ഉൽപ്പന്നങ്ങളിൽ ഇത്തരം ട്രെന്റുകൾ ഉടലെടുക്കുന്നത് വളരെ വേഗതയിലാണ്. ബോക്സ് ഓഫീസിൽ ഹിറ്റായ സിനിമയിലെ നായകന്റെയോ നായികയുടേയോ വസ്ത്രമോ, ആഭരണമോ കണ്ണടച്ച് തുറക്കുന്ന നേരം കൊണ്ട് ഒരു ട്രെൻഡ് ആയി മാറാം.

എത്ര മനോഹരമായ ഡ്രസ്സ്. അത് പോലെ ഒരെണ്ണം സ്വന്തമാക്കണം എന്ന ആശ മനസിൽ ഉടലെടുക്കുന്നു. അടങ്ങാത്ത ആ ആഗ്രഹവുമായി നിങ്ങൾ അടുത്തുള്ള ഫാഷൻ സ്റ്റോറിലേക്ക് കടന്നു ചെല്ലുന്നു. അതാ നിങ്ങളെ സ്വാഗതം ചെയ്യുന്ന പോലെ ആ ഡ്രസ്സ് അവിടെ പ്ര ദർശിപ്പിച്ചിരിക്കുന്നു. നിങ്ങൾ സന്തോഷവതിയാകുന്നു.

ഉൽപ്പന്നങ്ങളിൽ ഇത്തരം ട്രെന്റുകൾ ഉടലെടുക്കുന്നത് വളരെ വേഗതയിലാണ്. ബോക്സ്ഓഫീസിൽ ഹിറ്റായ സിനിമയിലെ നായകന്റെയോ നായികയുടേയോ വസ്ത്രമോ, ആഭരണമോ കണ്ണടച്ച് തുറക്കുന്ന നേരം കൊണ്ട് ഒരു ട്രെൻഡ് ആയി മാറാം. ഫാഷൻ ഷോയിലെ സുന്ദരനോ സുന്ദരിയോ അവതരിപ്പിക്കുന്ന ചില ഫാഷനുകൾ വേഗതയിൽ വിപണി കീഴടക്കാം. ഇത്തരത്തിലുള്ള ട്രെൻഡുകൾ വിപണിയെ നയിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകാം.

ഉപഭോക്താക്കളുടെ മനസ് കീഴടക്കുന്ന ഉൽപ്പന്നങ്ങൾ ട്രെൻഡുകൾ നിരീക്ഷിച്ച് അതിവേഗം വിപണിയിലേക്കെത്തിക്കുക അത്ര നിസാരമായ പ്രവൃത്തിയല്ല. നാം നേരത്തെ കണ്ടത് പോലെ ഒരു സിനിമയിലെ നായികയുടെ വസ്ത്രം ട്രെൻഡ് ആയി എന്ന് കരുതുക. വളരെക്കാലം കാത്തിരുന്ന് അത് കിട്ടിയത് കൊണ്ട് ഉപഭോക്താവ് തൃപ്തനാകുന്നില്ല. ട്രെൻഡ് നിലനിൽക്കുമ്പോൾ തന്നെ അത് വിപണിയിലെത്തണം. ഉൽപ്പന്നം കാലതാമസം കൂടാതെ വിൽപനക്കെത്തിക്കേണ്ടത് സംരംഭകന്റെ ഉത്തരവാദിത്തമാണ്.



ഇപ്പോൾ നിലനിൽക്കുന്ന അല്ലെങ്കിൽ ഭാവിയിൽ ഉദയം കൊള്ളാൻ സാധ്യതയുള്ള ഫാഷൻ ട്രെൻഡുകൾക്കനുസരിച്ച് ഉൽപ്പന്നങ്ങൾ അതിവേഗം വിപണിയിൽ അവതരിപ്പിക്കുന്ന റീറ്റയിൽ (Retail) തന്ത്രമാണ് ഫാസ്റ്റ് ഫാഷൻ (Fast Fashion). പുതുമയുള്ള, ആനുകാലികമായ, ഫാഷനബിൾ ആയിട്ടുള്ള ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ ഈ തന്ത്രം സഹായകരമാകുന്നു. വളരെ കുറഞ്ഞ സമയം കൊണ്ട് ഉൽപാദിപ്പിക്കുകയും വിൽക്കുകയും ലാഭം കൊയ്യുകയും ചെയ്യാൻ ഈ തന്ത്രത്തിലൂടെ സംരംഭകന് സാധ്യമാകുന്നു.

സീസണൽ വിൽപ്പനയുടെ രീതിയാണ് ഭൂരിഭാഗം റീറ്റയിൽ ഫാഷൻ സ്റ്റോറുകളും പിന്തുടരുന്നത്. സ്റ്റോക്ക് ചെയ്യുന്ന ഉൽപ്പന്നങ്ങൾ ചെലവാകാതെ വരുമ്പോൾ പിന്നീട് ഇത് ഡിസ്ക്കൗണ്ട് നൽകി വിൽക്കാൻ ശ്രമിക്കുന്നു. എന്നാൽ അതാത് സമയത്തെ ട്രെൻഡുകൾ പഠിച്ച് കുറഞ്ഞ കാലത്തേക്ക് വേണ്ടി മാത്രം ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണിയിലെത്തിക്കുകയും അതിവേഗം വിറ്റ് തീർക്കുകയും ചെയ്യുന്ന തന്ത്രമാണ് ഫാസ്റ്റ് ഫാഷൻ അവലംബിക്കുന്നത്. ഇത് ഡിസ്ക്കൗണ്ട് വിൽപ്പനയുടെ ആവശ്യം ഇല്ലാതെയാക്കുന്നു. തങ്ങൾക്ക് പ്രിയപ്പെട്ട ഉൽപ്പന്നങ്ങൾ വിറ്റ് തീരുന്നതിന് മുമ്പ് സ്വന്തമാക്കുവാൻ ഉപഭോക്താക്കളും മത്സരിക്കുന്നു.

""ZARA"എന്ന ബ്രാൻഡിനെ നോക്കാം. ഒരു ഡ്രസ്സ് രൂപകൽപ്പന ചെയ്ത് നിർമ്മിച്ച് വിപണിയിൽ എത്തിക്കാൻ അവർക്കാവശ്യം വെറും 15 ദിവസങ്ങൾ മാത്രമാണ്. ഒരു പ്രത്യേക ഫാഷൻ ഉപഭോക്താക്കളുടെ മനസിൽ ഇടം പിടിച്ച് കഴിഞ്ഞാൽ അത് അതിവേഗം വിപണിയിലെത്തിക്കുവാൻ അവർക്ക് സാധിക്കുന്നു. ഒരേപോലെ എല്ലായിടത്തും ലഭ്യമായ ഡിസൈനുകൾക്ക് പകരം പുതുമയുള്ള, ഫാഷനബിൾ ആയ, വളരെ വേഗം വിറ്റ് പോകുന്ന ഡ്രസ്സുകൾ നിരന്തരം ഉപഭോക്താക്കൾക്ക് സമ്മാനിക്കുവാൻ ഇതുമൂലം അവർക്ക് സാധിക്കുന്നു.

പെട്ടെന്ന് ഉടലെടുക്കുന്ന ഫാഷൻ ട്രെൻഡുകൾ കണ്ടെത്തുകയും അതിനോട് അതിദ്രുതം ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുകയാണ് സംരംഭകർ ചെയ്യേണ്ടത്. ഈ ട്രെൻഡുകൾക്ക് ദീർഘകാലം നിലനിൽപ്പില്ല. ആരംഭിക്കുമ്പോൾ തന്നെ ട്രെൻഡ് തിരിച്ചറിഞ്ഞ് ഉൽപ്പന്നങ്ങൾ വേഗത്തിൽ വിപണിയിലെത്തിക്കണം. മാറിക്കൊണ്ടിരിക്കുന്ന ഫാഷനുകൾ നിരന്തരം അവതരിപ്പിക്കുന്ന സ്റ്റോറുകളിൽ ഉപഭോക്താക്കൾ അടിക്കടി സന്ദർശനം നടത്തും●




Nimmys Food Products 35/428(1) Near Vennakkara, Manappully Bhagavathy Temple, Palakkad - 678 004
care@nimfeast.com | +91 9447 701 745, +91 9074 297 078



# ലക്ഷങ്ങളുടെ തൊഴിലവസരവുമായി

# ഗിഫ്റ്റ് സിറ്റി

**മനോജ് മാതിരപ്പള്ളി**

**കേരളത്തിന്റെ** വികസനത്തിൽ ചരിത്രമാറ്റം കുറിക്കാനൊരുങ്ങുന്ന ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആൻഡ് ട്രേഡ് സിറ്റി പദ്ധതി (ഗിഫ്റ്റ് സിറ്റി) യാഥാർത്ഥ്യമാക്കാനുള്ള നടപടിക്രമങ്ങൾ അതിവേഗം പുരോഗമിക്കുന്നു. എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ അങ്കമാലിക്കടുത്തുള്ള അയ്യമ്പുഴയിലാണ് ഗിഫ്റ്റ് സിറ്റി രൂപപ്പെടുത്തുക. ഇതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. ഇത് പൂർത്തിയാകുന്നതോടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കും. കേരളത്തെ വ്യവസായസൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പശ്ചാത്തലസൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപ്പാക്കുന്ന കൊച്ചി-ബംഗലൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായാണ് ഗിഫ്റ്റ് സിറ്റി പദ്ധതിയും പൂർത്തിയാക്കുന്നത്. വ്യവസായ ഇടനാഴി യാഥാർത്ഥ്യമാക്കുന്നത് സംസ്ഥാന സർക്കാരിനും കേന്ദ്രസർക്കാരിനും അമ്പതുശതമാനം വീതം പങ്കാളിത്തമുള്ള കമ്പനിയായിരിക്കും.

ഗിഫ്റ്റ് സിറ്റിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം നൽകുന്നതിനുവേണ്ടി 840 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. 540 കോടി രൂപ നൽകി 220 ഹെക്ടർ ഭൂമി ഏറ്റെടുക്കാനാണ് ആദ്യം ലക്ഷ്യമിട്ടിരുന്നതെങ്കിലും പിന്നീട് അതിൽ മാറ്റം വരുത്തി. ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് 144 ഹെക്ടറായി കുറച്ചു. പ്രാദേശികമായ പ്രതിഷേധത്തിന്റെ പശ്ചാത്തലത്തിൽ ഭൂമി ഏറ്റെടുക്കൽ വൈകിയതോടെ നഷ്ടപരിഹാരത്തുക 300 കോടി രൂപകൂടി വർദ്ധിപ്പിച്ചുകൊണ്ട് 840 കോടിയായി നിശ്ചയിച്ചു. അതോടെ, സമരാനുകൂലികൾ പോലും തങ്ങളുടെ ഭൂമിയും ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് മുന്നോട്ടുവന്നു. ഇതോടെയാണ് കാര്യങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കാനുള്ള സാഹചര്യമൊരുങ്ങിയത്. പരമാവധി കെട്ടിടങ്ങൾ ഒഴിവാക്കിയുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ തുടക്കം മുതൽക്കെ പരിഗണന നൽകിയിരുന്നു.

## ചരിത്രമെഴുതാൻ ഗിഫ്റ്റ് സിറ്റി

കേരളത്തിന്റെ വ്യാവസായിക വികസനത്തിലെ സുപ്രധാന നാഴികക്കല്ലാവും അയ്യമ്പുഴയിൽ യാഥാർത്ഥ്യമാകാൻ പോകുന്ന ഗിഫ്റ്റി സിറ്റി. ഏറ്റവും മികച്ച പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിൽക്കുന്ന വ്യവസായ സമുച്ചയങ്ങളാവും ഇവിടെ പ്രവർത്തനം ആരംഭിക്കുക. 'കൊച്ചിയെ ഒരു സ്റ്റേറ്റ് ഓഫ് ദ ആർട്ട് ഇൻഫ്രാസ്ട്രക്ചർ കേന്ദ്രമായി ലോകഭൂപടത്തിൽ അടയാളപ്പെടുത്താൻ ലക്ഷ്യമിടുന്ന ബൃഹദ് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. കൊച്ചി-ബെംഗലൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി 358 ഏക്കർ ഭൂമിയിലായി ഉയരുന്ന ഗിഫ്റ്റ് സിറ്റി ഇന്നവേഷനും വളർച്ചയും സംയോജിക്കുന്ന ഗ്ലോബൽ ഫിനാഷ്യൽ സെന്റർ ആയിരിക്കും. ജീവിതം, ജോലി, വിനോദോപാധികൾ തുടങ്ങിയ എല്ലാം സമന്വയിക്കുന്ന ആധുനിക സങ്കൽപ്പങ്ങളുടെ പരിച്ഛേദമായിരിക്കും കൊച്ചി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി. ബിസിനസ് ഓഫീസുകൾ, ബാങ്കിംഗ് സ്ഥാപനങ്ങൾ, അസെറ്റ് മാനേജ്മെന്റ് കമ്പനികൾ, ലീഗൽ/ അക്കൗണ്ടിംഗ് സ്ഥാപനങ്ങൾ, ഐ.ടി. സ്ഥാപനങ്ങൾ, കൺവെൻഷൻ സെന്ററുകൾ, ഹോസ്പിറ്റാലിറ്റി സേവനങ്ങൾ തുടങ്ങി





എല്ലാ മേഖലകളുടെയും സാന്നിധ്യമുള്ള ഇടം;' വ്യവസായവകുപ്പ് മന്ത്രി പി. രാജീവ് തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ പറയുന്നു.

ഇതിനുപുറമെ ഇൻഷൂറൻസ്, മാർക്കറ്റിംഗ്, ആർ ആന്റ് ഡി, ഓഡിറ്റിംഗ് തുടങ്ങിയ മേഖലകൾക്കും ഗിഫ്റ്റ് സിറ്റിയിൽ പരിഗണന ലഭിക്കും. ലോകോത്തര നിലവാരത്തിലുള്ള കൺവെൻഷൻ സെന്ററുകളാണ് വിഭാവനം ചെയ്യുന്നത്. പദ്ധതി പൂർത്തിയാകുന്നതോടെ ബഹുരാഷ്ട്ര കമ്പനികളുടെ സാമ്പത്തിക, വ്യവസായകേന്ദ്രമായും ഇവിടം മാറുമെന്നാണ് വിലയിരുത്തൽ. ഇതോടെ, ലോകത്തിലെ മുഖ്യനഗരങ്ങളിലൊന്നായും കൊച്ചി രൂപാന്തരപ്പെടും. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായതും മലിനീകരണമുക്ത സാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ട് പൂർത്തിയാക്കാൻ ശ്രമിക്കുന്നതുമായ പദ്ധതിയായിരിക്കും ഗിഫ്റ്റ് സിറ്റി. ഇവിടെത്തുന്ന വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളും സാമ്പത്തിക-ധനകാര്യ സ്ഥാപനങ്ങളുമെല്ലാം സംസ്ഥാനത്തിന്റെ വികസനത്തിൽ സുപ്രധാന സംഭാവന നൽകുമെന്ന കാര്യത്തിലും തർക്കമില്ല.

ഇന്ത്യയിലെ തന്നെ രണ്ടാമത്തെ ഗിഫ്റ്റ് സിറ്റിയാണ് അയ്യമ്പുഴയിൽ യാഥാർത്ഥ്യമാകാൻ പോകുന്നത്. പുതുതലമുറയിൽപ്പെട്ട വ്യവസായങ്ങൾക്ക് തികച്ചും അനുയോജ്യമായ കേന്ദ്രം എന്ന രീതിയിലായിരിക്കും ഇത് യാഥാർത്ഥ്യമാക്കുക. മൂന്നു ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന പദ്ധതിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ആദ്യഘട്ടത്തിൽ ലക്ഷ്യമിടുന്നത് 1600 കോടിരൂപയുടെ നിക്ഷേപമാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പത്തുവർഷത്തിനുള്ളിൽ പതിനെണ്ണായിരം കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നും പ്രതീക്ഷിക്കപ്പെടുന്നു. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ രണ്ടു ലക്ഷം പേർക്ക് നേരിട്ടും 3.6 ലക്ഷം ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് കണക്കുകൂട്ടൽ. ആദ്യഘട്ടത്തിൽ എഴുപത്തൊന്നായിരവും രണ്ടാംഘട്ടത്തിൽ ഒന്നര ലക്ഷവും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.

ഇവിടേക്ക് സ്വകാര്യപങ്കാളിത്തം കണ്ടെത്തുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ പിന്തുണയും സംസ്ഥാനത്തിന് ലഭിക്കും. പദ്ധതിയുടെ ഭാഗമായി ഗ്ലോബൽ ഇൻഡസ്ട്രിയൽ ഫിനാൻസ് ആന്റ് ട്രേഡ് സിറ്റി, ഫിൻടെക് സിറ്റി, ഹൈടെക് സിറ്റി എന്നിവ അയ്യമ്പുഴയിലെ ഗിഫ്റ്റ് സിറ്റിയിൽ സ്ഥാപിക്കപ്പെടും. അടിസ്ഥാനസൗകര്യ വികസനം, സ്ഥലം ഏറ്റെടുക്കൽ, ടെൻഡർ നടപടികൾ തുടങ്ങി പദ്ധതിയുടെ ഓരോ ഘട്ടവുമായി ബന്ധപ്പെട്ടും കേന്ദ്രസർക്കാർ സെക്രട്ടറിതല യോഗം ചേരുന്നുണ്ട്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുള്ള അവലോകനങ്ങൾ സംസ്ഥാനത്തും നടന്നുവരികയാണ്. പദ്ധതിയുടെ ഓരോ ഘട്ടത്തിലെയും പ്രവർത്തനവും തുടർപ്രവർത്തനവും സൂക്ഷ്മമായി വിലയിരുത്തുന്നതിനുവേണ്ടി പോർട്ടൽ വഴിയുള്ള മോണിട്ടറിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

ഗുജറാത്തിലെ ഗാന്ധിനഗറിൽ സബർമതി നദിയുടെ തീരത്താണ് രാജ്യത്ത് ആദ്യത്തെ ഗിഫ്റ്റ് സിറ്റി സ്ഥാപിക്കപ്പെട്ടത്. ഐടി കമ്പനികളെ സംബന്ധിച്ചിടത്തോളം ഐടി പാർക്കുകൾക്കുള്ള പ്രാധാന്യം രാജ്യാന്തര ധനകാര്യസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഗിഫ്റ്റി സിറ്റിക്കുമുണ്ട്. പദ്ധതി നിലനിൽക്കുന്ന സ്ഥലത്തിന് മാത്രമല്ല പരിസര പ്രദേശ

ങ്ങളിലേക്കുകൂടി വികസനത്തിന്റെ വമ്പൻ സാധ്യതകൾ തുറന്നുവെക്കുന്ന പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. അതുകൊണ്ടുതന്നെ, പദ്ധതി യാഥാർത്ഥ്യമാകുന്നോടെ കൊച്ചി നഗരത്തിന്റെ പ്രാധാന്യം ആഗോളതലത്തിൽ ഉയരുകയും ചെയ്യും.

## കൊച്ചി– ബംഗലൂരു വ്യവസായ ഇടനാഴി

സംസ്ഥാനത്തിന്റെ വ്യാവസായിക വികസനരംഗത്ത് വൻമുന്നേറ്റം സൃഷ്ടിക്കുന്ന പദ്ധതിയാണ് കൊച്ചി-ബംഗലൂരു വ്യാവസായിക ഇടനാഴി. 160 കിലോമീറ്റർ ദൈർഘ്യമുള്ള ഇടനാഴിയുടെ ഭാഗമായി സംരംഭങ്ങൾ തുടങ്ങാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. ഇതിലൂടെ സംസ്ഥാനത്തേക്ക് പതിനായിരം കോടിരൂപയുടെ നിക്ഷേപം എത്തിക്കാൻ കഴിയുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ബംഗലൂരു വ്യവസായ ഇടനാഴി കോയമ്പത്തൂരിലേക്കും കൊച്ചിയിലേക്കും ദീർഘിപ്പിക്കുന്ന പദ്ധതിക്ക് കേന്ദ്ര വാണിജ്യമന്ത്രാലയം അംഗീകാരം നൽകിയതോടെ കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപറേഷൻ എന്ന പ്രത്യേക കമ്പനി രൂപീകരിച്ചിരുന്നു. പദ്ധതിക്ക് ആവശ്യമായ ധനസമാഹരണം നടക്കുന്നത് കിഫ്ബി മുഖേനെയാണ്. വ്യവസായ വകുപ്പിന് കീഴിലുള്ള കിൻഫ്രയാണ് പദ്ധതി നടപ്പാക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസി.

പാലക്കാട് ജില്ലയിലെ നാലു വില്ലേജുകളിലും എറണാകുളം ജില്ലയിലെ ഒരു വില്ലേജിലുമായി 2242 ഏക്കർ ഭൂമിയാണ് വ്യവസായ ഇടനാഴിക്കായി ഏറ്റെടുക്കുക. പാലക്കാട് കണ്ണമ്പ്ര വില്ലേജിൽ 298 ഏക്കറും പുതുശ്ശേരി സെൻട്രൽ-1 വില്ലേജിൽ 653 ഏക്കറും പുതുശ്ശേരി സെൻട്രൽ-2 വില്ലേജിൽ 558 ഏക്കറും പുതുശ്ശേരി സെൻട്രൽ-3 വില്ലേജിൽ 375 ഏക്കറും എറണാകുളം അയ്യമ്പുഴ വില്ലേജിൽ 358 ഏക്കറുമാണ് ഏറ്റെടുക്കുക. ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്. എന്നാൽ ഭൂമിവിലയ്ക്ക് തുല്യമായ തുക കേന്ദ്രസർക്കാർ ധനസഹായമായി നൽകും. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ നിലനിന്നിരുന്ന പ്രതിഷേധങ്ങൾ പരിഹരിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.


പാലക്കാട് ക്ലസ്റ്ററിനായി 1860 കോടിരൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇടനാഴിയുടെ ഭാഗമായി സ്ഥാപിക്കുന്ന ഏകീകൃത ഉത്പാദന ക്ലസ്റ്ററിനു വേണ്ടി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഇവിടെ പ്രവർത്തനം ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ഏകജാലക സംവിധാനത്തിലൂടെ അനുമതി നൽകുന്നതിനും തീരുമാനമായിട്ടുണ്ട്. മാത്രവുമല്ല, സംരംഭകത്വവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെല്ലാം ലഘൂകരിക്കുകയും ചെയ്യും. ഉത്തരവാദ വ്യവസായം, ഉത്തരവാദ നിക്ഷേപം എന്ന നയത്തിൽ ഊന്നിനിന്നുകൊണ്ട് പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾ ആരംഭിക്കുകയും അതുവഴി പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.

ഭക്ഷ്യസംസ്കരണം, ജ്വല്ലറി, പ്ലാസ്റ്റിക്, ഇ-മാലിന്യങ്ങൾ, മറ്റു ഖരമാലിന്യങ്ങളുടെ പുനരുപയോഗം, ലൈറ്റ് എൻജിനീയറിംഗ്, ഇലക്ട്രോണിക്സ്, എണ്ണ-വാതക ഇന്ധനങ്ങൾ, ഐടി, ലോജിസ്റ്റിക്, ഓട്ടോമോട്ടീവ് തുടങ്ങിയ മേഖലകളിൽ ക്ലസ്റ്ററുകൾ വികസിപ്പിക്കുക എന്നതാണ് വ്യവസായ ഇടനാഴിയുടെ ലക്ഷ്യം. കൊച്ചി മുതൽ പാലക്കാട് വരെയുള്ള മേഖലകളെ ബംഗലൂരു വ്യവസായ ഇടനാഴിയുമായി ബന്ധിപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിക്കുന്നത് ആറു വർഷം മുൻപാണ്. തുടർന്ന്, രാജ്യത്തെ വ്യവസായ ഇടനാഴികളുടെ രൂപീകരണച്ചുമതല വഹിക്കുന്ന നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റുമായി (എൻഐസിഡിഐടി) ആശയവിനിമയം നടത്തി. ഇതേത്തുടർന്ന്, പദ്ധതിയുടെ വിശദാംശങ്ങൾ സമർപ്പിക്കാൻ എൻഐസിഡിഐടി നിർദ്ദേശിച്ചു.

എന്നാൽ, പദ്ധതിക്ക് അംഗീകാരം ലഭിച്ചെങ്കിലും പ്രദേശത്തെ ഭൂഉടമകളുടെ പ്രതിഷേധം നിമിത്തം തുടർനടപടികൾ മന്ദഗതിയിലായിരുന്നു. സ്ഥലത്തിന് വില കുറവാണെന്ന് ചൂണ്ടിക്കാട്ടി ഭൂവുടമകൾ സ്ഥലം വിട്ടുനൽകാൻ തയ്യാറായില്ല. പിന്നീട്, ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള വിലനിർണയസമിതിയും ഭൂവുടമകളുമായി ചർച്ച നടത്തിയെങ്കിലും അതും പരാജയപ്പെട്ടു. തുടർന്ന് സാമൂഹികാഘാത പഠനകമ്മിറ്റിയുടെ ശുപാർശകളുടെ കൂടി അടിസ്ഥാനത്തിലാണ് ഭൂവുടമകൾക്ക് കൂടുതൽ പണം ലഭിക്കാനുള്ള സാഹചര്യമുണ്ടാവുകയും സ്ഥലം ഏറ്റെടുക്കൽ നടപടികൾ ദ്രുതഗതിയിലാവുകയും ചെയ്തത്.

കൊച്ചി-ബംഗലൂരു വ്യവസായ ഇടനാഴിയുടെ കേരളത്തിലെ ദൈർഘ്യം 160 കിലോമീറ്ററാണ്. ഇതിന്റെ ഇരുവശങ്ങളിലുമായി ഇന്റഗ്രേറ്റഡ് മാനുഫാക്ചറിംഗ് ക്ലസ്റ്ററുകൾ സ്ഥാപിക്കപ്പെടും. ആദ്യഘട്ടത്തിൽ പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ഇലക്ട്രോണിക്സ്, ഐടി, ബയോടെക്നോളജി, ലൈഫ് സയൻസ് എന്നിവ ഉൾപ്പെടെയുള്ള ഉല്പാദന പ്രവർത്തനങ്ങൾ ഏകീകരിക്കും. ഭക്ഷ്യവ്യവസായം, ഫാർമസ്യൂട്ടിക്കൽസ്, ലഘു എൻജിനീയറിംഗ് വ്യവസായം, ബൊട്ടാണിക്കൽ ഉത്പന്നങ്ങൾ, ടെക്സ്റ്റൈൽസ്, ഖരമാലിന്യ റീസൈക്ലിംഗ്, ഇലക്ട്രോണിക്സ്, ഐടി ലോജിസ്റ്റിക്സ്, ഓട്ടോമോട്ടീവ് തുടങ്ങിയ ക്ലസ്റ്ററുകളാണ് പാലക്കാട് കേന്ദ്രത്തിൽ ഉണ്ടാവുക. ●

# ഇനി ടെറാ ഹെർട്സിന്റെ കാലം






**ലോറൻസ മാത്യു**

**ആധുനിക** ലോകത്ത് വളരെയധികം മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന ഒരു സാങ്കേതിക വിദ്യയാണ് ടെറാ ഹെർട്സ് എന്നത്. ഇലക്ട്രോ മാഗ്നറ്റിക് സ്പെക്ട്രത്തിൽ ശ്രദ്ധിക്കപ്പെടാതെ കിടന്നിരുന്ന ഒരു വിഭാഗം കിരണങ്ങളാണ് ടെറാ ഹെർട്സ് കിരണങ്ങൾ. സ്പെക്ട്രത്തിൽ ഇൻഫ്രാ റെഡിനും മൈക്രോ വേവിനും ഇടയിലാണ് ഇതിൻറെ സ്ഥാനം. വിശാലമായ അർത്ഥത്തിൽ, ടെറാഹെർട്സ് ആവൃത്തി ശ്രേണി 300 GHz മുതൽ 10 THz വരെയാണ്. വൈദ്യുതകാന്തിക തരംഗങ്ങളുടെ 'അസുലഭമായ' വിഭാഗത്തിന് ഇടയിലുള്ള ഇൻഫ്രാറെഡിലും മൈക്രോവേവിലും ടെറാഹെർട്സ് തരംഗം സ്ഥിതിചെയ്യുന്നു. നിലവിൽ തീവ്രമായ ഗവേഷണത്തിനും വികസനത്തിനും വിധേയമായ ഒരു മേഖലയാണിത്. 1980-കൾ വരെ, ടെറാഹെർട്സ് ഗ്യാപ്പ് എന്നറിയപ്പെടുന്ന ഹാർഡ്വെയറിലെ സ്ഥിരതയുള്ള


ടെറാഹെർട്സ് റേഡിയേഷൻ സ്രോതസ്സുകളുടെയും സെൻസിറ്റീവ് ടെറാഹെർട്സ് ഡിറ്റക്ടറുകളുടെയും അഭാവം മൂലം ഈ ബാൻഡിന്റെ വികസനം വളരെ പരിമിതമായിരുന്നു. എന്നാലിപ്പോൾ വിവിധങ്ങളായ രംഗങ്ങളിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ട്. മറ്റ് കരിണങ്ങളിൽ നിന്നും വ്യത്യസ്തമായി ചില പ്രധാനപ്പെട്ട പ്രത്യേകതകൾ ഈ കിരണങ്ങൾക്കുണ്ട്. ഈ പ്രത്യേകതകൾ പ്രധാനപ്പെട്ട ചില കണ്ടുപിടുത്തങ്ങൾക്ക് വഴി തെളിച്ചു. ഇവക്ക് വസ്ത്രങ്ങൾ, പേപ്പർ, തടി തുടങ്ങിയവയിൽ കൂടി തുളച്ച് കയറുവാനുള്ള കഴിവുണ്ട്. എന്നാൽ ലോഹം, ജലം എന്നിവയിൽ കൂടി കടന്ന് പോകുവാൻ കഴിയുകയില്ല.

## ടെറാ ഹെർട്സ് എവിടെയൊക്കെ

ഈ സാങ്കേതിക വിദ്യക്ക് നിരവധി ആപ്ലിക്കേഷനുകൾ ഉണ്ട്. കമ്യൂണിക്കേഷൻ, സെക്യൂരിറ്റി, മെഡിക്കൽ ഇമേജിങ് തുടങ്ങിയ രംഗത്തൊക്കെ ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാൻ കഴിയും. ചികിത്സാ രംഗത്ത് നാളുകളായി ഉപയോഗിക്കുന്ന എക്സ് റേക്ക് പകരമായി ടെറാ ഹെർട്സ് ഉപയോഗിക്കുവാൻ കഴിയും. എക്സ് റേകളേക്കാൾ വളരെ കുറഞ്ഞ ഫോട്ടോൺ എനർജിയുള്ളതിനാൽ ശരീരകലകളിൽ ഒരു വ്യതിയാനവും ഇവ ഉണ്ടാക്കുന്നില്ല. എന്നാൽ എക്സ്റേകളേക്കാൾ വ്യക്തമായ ചിത്രം നൽകുവാൻ ഇതിന് കഴിയും. കൊറോണ വൈറസിനെ വളരെയെളുപ്പത്തിൽ കണ്ടെത്തുവാൻ സഹായിക്കുന്ന ഒരു സാങ്കേതിക വിദ്യ ടെറാ ഹെർട്സ് ഉപയോഗിച്ച് കണ്ടെത്തിയിട്ടുണ്ട്. ഇതിനായി ഇസ്രായേലിന്റെ സഹായമാണ് ഇന്ത്യ തേടിയത്. ഇരു രാജ്യങ്ങളും സംയുക്തമായി ആണ് ഇത് വികസിപ്പിക്കുന്നത്. 30 സെക്കന്റ് കൊണ്ട് കോവിഡ് രോഗനിർണയം സാധ്യമാക്കാൻ ഇതിന് കഴിയും. കോവിഡ് ലക്ഷണങ്ങളുള്ളവരുടെ ശബ്ദം റെക്കോർഡ് ചെയ്ത് നിർമിത ബുദ്ധിയുടെ സഹായത്തോടെ വിശകലനം ചെയ്യുന്നതാണ് വോയ്സ് ടെസ്റ്റ്. പ്രത്യേക കിറ്റിലേക്ക് ഊതിപ്പിച്ച് ടെറാ ഹെർട്സ് തരംഗങ്ങളുടെ

ഹൈജനിക്, ഫേഷ്യൽ, പേപ്പർ ടൗവൽ, റാപ്പിംഗ് ടിഷ്യു എന്നിങ്ങനെ പല തരത്തിലുള്ള ടിഷ്യുപേപ്പറുകളുണ്ട്. ഹാർഡ്, സെമി സോഫ്റ്റ്. സോഫ്റ്റ് എന്നിങ്ങനെ മൂന്നു തരത്തിലാണ് ഇവ നിർമ്മിക്കുന്നത്. ഫേഷ്യൽ ടിഷ്യു, പേപ്പർ ടവ്വൽ സോഫ്റ്റ് ടിഷ്യു ആണ്.







സഹായത്തോടെ കൊറോണ വൈറസിനെ കണ്ടെത്തുന്നതാണ് ബ്രിത്ത്നലൈസർ. ഉമിനീരിൽ നിന്നും വൈറസ് സാന്നിധ്യം തിരിച്ചറിയാൻ ഐസോ തെർമൽ ടെസ്റ്റിലൂടെ സാധിക്കും. താരതമ്യേന ചെലവ് കുറഞ്ഞ മാർഗമാണിത്. സാമ്പിൾ 60 ഡിഗ്രി സെൽഷ്യസിൽ ചൂടാക്കിയാണ് വൈറസിന്റെ കണ്ടെത്തുക. വീടുകളിൽ സ്വയം വൈറസ് നിർണയം സാധ്യമാകും വിധത്തിലാണ് ഈ കിറ്റ് വികസിപ്പിക്കുക.

രോഗനിർണ്ണയത്തിനുള്ള സ്കാനിങ്ങിനും ഇത് ഉപയോഗപ്പെടുത്തുവാൻ കഴിയും. ടെറാ ഹെർട്സ് ടെക്നോളജി ഉപയോഗിച്ച് സ്പെക്ട്രോസ്കോപ്പിയും സാധ്യമാണ്. വളരെ കൃത്യതയോട് കൂടിയ ഇമേജ് കിട്ടുവാൻ ഇതു ഉപയോഗിക്കുവാൻ കഴിയും. മാത്രവുമല്ല മറ്റ് റേഡിയോ മാഗ്നറ്റിക് കിരണങ്ങളുമായി താരതമ്യം ചെയ്താൽ ഇത് വളരെയധികം സുരക്ഷിതവുമാണ്. ക്യാൻസർ രോഗ ചീകിത്സക്ക് ഒക്കെ ഈ സാങ്കേതിക വിദ്യ ഏറെ ഫലപ്രദമായിരിക്കും.

ഈ സാങ്കേതിക വിദ്യയുടെ ഏറ്റവും ഫലപ്രദമായ ഒരു ഉപയോഗമാണ് സീ ത്രൂ ക്യാമറകൾ. വസ്തുക്കളിൽ കൂടി തുളച്ച് കയറുവാനുള്ള ഈ കിരണത്തിന്റെ കഴിവാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നത്. സെക്യൂരിറ്റി മേഖലയിൽ ഫലപ്രദമായ ഇടപെടൽ ആണ് ഇത് വഴി സാധ്യമാകുന്നത്. വസ്ത്രത്തിനുള്ളിലോ ശരീരത്തിലോ തന്നെ ആരും കാണാതെ ഒളിപ്പിച്ച് കടത്തുന്ന ആയുധങ്ങളും മറ്റ് വസ്തുക്കളും 25 മീറ്ററിനുള്ളിൽ നിന്ന് എളുപ്പത്തിൽ കണ്ടെത്തുവാൻ ഇത് മൂലം സാധിക്കും. സിംഗിൾ പിക്സൽ ക്യാമറകളായ ഇവയ്ക്ക് വളരെ ഉയർന്ന വേഗതയിൽ ഇമേജ് പുറപ്പെടുവിക്കുവാൻ സാധിക്കും. മൂടൽ മഞ്ഞിന്റെ സാന്നിധ്യത്തിൽ പോലും തൃപ്തികരമായ ഇമേജ് നൽകുവാൻ ഈ സാങ്കേതിക വിദ്യക്കാവും. മനുഷ്യ






ശരീരത്തിന് ഹാനികരമല്ലാത്ത കിരണങ്ങൾ ആണെന്നുള്ളതാണ് എടുത്ത് പറയേണ്ട ഒരു പ്രത്യേകത. എയർപോർട്ടുകളിലും മറ്റും വളരെ ഫലപ്രദമായി ഇത് ഉപയോഗിക്കുവാൻ കഴിയും. ടെറാ ഒപ്ട്രോണിക്സ്, അജിട്രോൺ തുടങ്ങിയ കമ്പനികൾ ടെറാഹെർട്സ് ക്യാമറകൾ നിർമ്മിക്കുന്നുണ്ട്.

വിവിധ കമ്പനികളിൽ വ്യത്യസ്തമായ ഉൽപ്പന്നങ്ങൾ അതിന്റെ ഗുണ നിലവാര പരിശോധനകൾക്ക് ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ട്. ഭക്ഷ്യ സംസ്കരണ മേഖലയിലെ കമ്പനികൾ ഈ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ സ്കാനറുകൾ അവയുടെ ഉൽപ്പന്നങ്ങൾ ചെക്ക് ചെയ്യുവാൻ ഉപയോഗിക്കുന്നുണ്ട്.

ചോക്കലേറ്റ്, ന്യൂഡിൽസ് പോലുള്ള ഉൽപ്പന്നങ്ങൾ ചെക്ക് ചെയ്യുവാൻ ഇത് വളരെ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയും. ഭക്ഷ്യ വസ്തുക്കളിൽ കീടങ്ങളോ മറ്റോ ഉണ്ടോയെന്ന് പരിശോധിക്കുവാനും ഇത് വഴി സാധ്യമാണ്.

മരുന്ന് കമ്പനികളിൽ ഗുളികകളുടെ ഗുണ നിലവാര പരിശോധനക്ക് ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുന്നുണ്ട്. പ്ലാസ്റ്റിക് കവറിനുള്ളിൽ അടക്കം ചെയ്തതിന് ശേഷം പോലും പല മരുന്നുകളും ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധിക്കാവുന്നതാണ്. അത് കൊണ്ട് തന്നെ സ്റ്റോക്ക് അനാലിസിസ് നടത്തുവാനും ഇത് ഫലപ്രദമാണ്.

യന്തിരൻ സിനിമയിൽ പുസ്തകം മുഴുവൻ ഒറ്റ നോട്ടത്തിന് സ്കാൻ ചെയ്ത് തലക്കുള്ളിലാക്കുന്ന രജനീകാന്തിനെപ്പോലെ പുസ്തകം തുറന്ന് നോക്കാതെ സ്കാൻ ചെയ്യുവാൻ കഴിയുന്ന ഒരു സാങ്കേതിക വിദ്യ ടെറാ ഹെർട്സ് ഉപയോഗിച്ച് മസാച്ചുസൈറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ ഒരു കൂട്ടം ശാസ്ത്രജ്ഞൻമാർ വിജയകരമായി പരീക്ഷിച്ചിരിക്കുന്നു. തൊട്ടാൽ പൊടിഞ്ഞ് പോകുന്ന പഴയ പുസ്തകങ്ങളിലെ വിവരങ്ങൾ വരെ ഇങ്ങനെ ശേഖരിക്കുവാൻ കഴിയുന്നത് ചരിത്രകാരൻമാർക്ക് ഏറെ പ്രയോജനപ്രദമാണ്. നേരിയ അട്ടികളായി ക്രമീകരിച്ചിരിക്കുന്നതെന്തും ഇത്തരത്തിൽ വായിച്ചെടുക്കാം. യന്ത്ര ഭാഗങ്ങളിലെ കേടുകൾ കണ്ട് പിടിക്കാം. 5 ജിക്കപ്പുറം സ്പീഡുള്ള കമ്യൂണിക്കേഷൻ ഈ സാങ്കേതിക വിദ്യ വഴി സാധ്യമാണ്. വയർ ഇല്ലാതെ ഡേറ്റാ ഉയർന്ന വേഗതയിൽ കൈമാറുവാൻ ഇത് വഴി കഴിയും. വരും നാളുകളിൽ ഇതുണ്ടാക്കുവാൻ പോകുന്ന മാറ്റങ്ങൾ വളരെ വലുതായിരിക്കും. ട്രാഫിക് കൺട്രോളിലും, ഡ്രൈവറില്ലാത്ത കാറിലും ഒക്കെ ഈ സംവിധാനം ഉപയോഗപ്പെടുത്തുവാൻ കഴിയും.

റിമോട്ട് സെൻസിങ്ങിലും ഉപഗ്രഹങ്ങൾ ഉപയോഗിച്ചുള്ള സർവ്വേകളിലുമെല്ലാം ഈ സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ കഴിയും.

പല്ലിന്റെ പരിശോധനയിൽ ഈ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്. ഇപ്പോൾ എക്സ്റേ ഉപയോഗിച്ചുള്ള പരിശോധനകളേക്കാൾ ഫലപ്രദമായി ടെറാ ഹെർട്സ് ഉപയോഗിക്കുവാൻ സാധിക്കുന്നതാണ്.

വരും നാളുകളിൽ ഇത്തരം കിരണങ്ങളുപയോഗിക്കുന്ന മേഖലകൾ വ്യാപകമാകുമ്പോൾ പുതിയ പുതിയ ഉപകരണങ്ങളുടെ നിർമ്മാണവും സർവ്വീസിങ്ങും കൂടുതലായി ഉടലെടുക്കും. അല്ലെങ്കിൽ തന്നെ സാങ്കേതിക വിദ്യയുടെ വികാസം എന്നും പുത്തൻ സംരംഭകത്വ സാധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. ആയതിനാൽ തന്നെ സാങ്കേതിക വിദ്യയിലുണ്ടാകുന്ന മാറ്റങ്ങൾ പ്രയോജനപ്പെടുത്തി നവീന സംരംഭങ്ങൾ ഉടലെടുക്കേണ്ടിയിരിക്കുന്നു.●

# സംരംഭകസംസ്കാരം തിരുത്തിക്കുറിക്കാൻ വനിതകളും

**സൗമ്യ ബേബി**

**പുരുഷന്മാർ** കുത്തകയാക്കി വെച്ചിരുന്ന സംസ്ഥാനത്തിന്റെ സംരംഭകമേഖലയിലേക്ക് പുതിയ കാഴ്ചപ്പാടുമായി കടന്നുവരുന്ന വനിതകളുടെ എണ്ണം കുതിച്ചുയരുന്നു. രണ്ടര പതിറ്റാണ്ടുമുമ്പുവരെയും അപൂർവ്വം സ്ത്രീകൾ മാത്രമാണ് നമ്മുടെ സംരംഭകരംഗത്ത് സജീവമായി പ്രവർത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്. ഇവിടുത്തെ വനിതാമുന്നേറ്റത്തിന്റെ നാഴികക്കല്ലായി അടയാളപ്പെടുത്താവുന്ന കുടുംബശ്രീ

## 35,000+ വനിതാ സംരംഭകർ





യൂണിറ്റുകളുടെ രൂപീകരണത്തിന് ശേഷമാണ് ഇത്തരത്തിൽ വലിയൊരു മാറ്റമുണ്ടായതെന്നും പറയാം. ആദ്യമെല്ലാം വനിതാകൂട്ടായ്മകളുടെ നേതൃത്വത്തിൽ ആരംഭിച്ച ഗ്രാമീണസംരംഭങ്ങളായിരുന്നു അധികവുമെങ്കിൽ, ഇപ്പോൾ സ്വന്തം സംരംഭം ആരംഭിച്ചുകൊണ്ട് തലയുയർത്തി നിൽക്കുന്ന സ്ത്രീകളുടെ എണ്ണവും വർദ്ധിച്ചുവരുന്നു.

മികച്ച വിദ്യാഭ്യാസം നേടുകയും വിവിധ സ്ഥാപനങ്ങളിൽ ജോലിയെടുക്കുകയും ചെയ്തിട്ടുള്ള ചെറുപ്പക്കാരായ വനിതകൾക്കിടയിലാണ് ഇത്തരമൊരു സംസ്കാരം ശക്തമായി വേരൂന്നിയിട്ടുള്ളത്. "പ്രശസ്തമായ പല സ്ഥാപനങ്ങളിലും ഞാൻ ജോലിചെയ്തിട്ടുണ്ട്. എന്നാൽ അതിൽനിന്നൊന്നും പൂർണസംതൃപ്തി ലഭിച്ചിരുന്നില്ല എന്നതാണ് വാസ്തവം. അങ്ങനെയാണ് സ്വന്തമായൊരു സംരംഭമെന്ന ആശയത്തിലേക്ക് എത്തുന്നത്. ഏതാനും വർഷങ്ങൾക്കുമുൻപ് അത് യാഥാർത്ഥ്യമാക്കുകയും ചെയ്തു. തുടക്കത്തിൽ സ്വാഭാവികമായ പല പ്രതിസന്ധികളെയും നേരിടേണ്ടി വന്നുവെങ്കിലും അതിനെയെല്ലാം അതിജീവിക്കാൻ കഴിഞ്ഞു. ഇപ്പോൾ ഞാൻ ജീവിതം കൂടുതൽ ആസ്വദിക്കുന്നു. മോശമല്ലാത്ത വരുമാനം ലഭിക്കുന്നതിനൊപ്പം കുടുംബത്തോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാനും സാധിക്കുന്നുണ്ട്;'' സഖിവസ്ത്ര എന്ന സംരംഭത്തിന്റെ സ്ഥാപകയായ കോട്ടയം കടുത്തുരുത്തി സ്വദേശിനി രേണു ഉണ്ണികൃഷ്ണൻ പറയുന്നു.

## എല്ലാ ജില്ലകളിലും വനിതാസംരംഭങ്ങൾ

സംസ്ഥാനത്ത് എതെങ്കിലും പ്രത്യേക മേഖലകൾ മാത്രം കേന്ദ്രീകരിച്ചല്ല വനിതാസംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നത്. എല്ലാ ജില്ലകളിലും ഇത്തരമൊരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഒരു ലക്ഷം പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായി വ്യവസായവകുപ്പ് മുഖേനെ സർക്കാർ നടപ്പാക്കിയ സംരംഭകവർഷം പദ്ധതിയിലും ഇത് പ്രകടമായി കാണാം. 12 മാസം കൊണ്ട് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയായിരുന്നു ലക്ഷ്യമെങ്കിലും എട്ടുമാസത്തിനുള്ളിൽ തന്നെ അത് യാഥാർത്ഥ്യ

സംസ്ഥാനത്ത് എതെങ്കിലും പ്രത്യേക മേഖലകൾ മാത്രം കേന്ദ്രീകരിച്ചല്ല വനിതാ സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുന്നത്. എല്ലാ ജില്ലകളിലും ഇത്തരമൊരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്.



മായി. ഇതിൽ മൂന്നിലൊന്നും വനിതാസംരംഭങ്ങളാണെന്ന് കണക്കുകൾ പറയുന്നു. മുപ്പത്തയ്യായിരത്തിലധികം വനിതാസംരംഭങ്ങളാണ് സംരംഭക വർഷം പദ്ധതിയിലൂടെ പുതിയതായി പ്രവർത്തനം ആരംഭിച്ചത്. ഇതിനെ വലിയൊരു മുന്നേറ്റമായി കാണേണ്ടതുണ്ട്.

ഭക്ഷ്യസംസ്കരണം, ബയോടെക്നോളജി, ഐടി, ഇലക്ട്രോണിക്സ്, വ്യാപാരമേഖല, ഹാൻഡ്‌ലൂം, ടൂറിസം, ഹാൻഡിക്രാഫ്റ്റ് തുടങ്ങി എല്ലാ മേഖലകളിലെയും പുതിയ സംരംഭങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യമുണ്ട്. പല മേഖലകളിലും മുപ്പതുശതമാനത്തിലധികം സംരംഭങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത് വനിതകളുടെ പേരിലാണ്. തൃശ്ശൂർ ജില്ലയിൽ മാത്രം നാലായിരത്തിലധികം വനിതകളാണ് സംരംഭകരായി എത്തിയത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ മൂവായിരത്തിലധികം വനിതാസംരംഭങ്ങൾ ഒരു വർഷത്തിനുള്ളിൽ ആരംഭിച്ചിട്ടുണ്ട്. പൊതുവെ, വ്യവസായരംഗത്ത് പിന്നോക്കം നിൽക്കുന്ന ജില്ലകളായ കാസർകോട്ടും വയനാട്ടിലും ഇടുക്കിയിലും വരെ അഭിമാനകരമായ സ്ത്രീമുന്നേറ്റത്തിന്റെ ലക്ഷണങ്ങൾ കാണാം. ഈ മൂന്നു ജില്ലകളിലും ആയിരത്തിലധികം വനിതകൾ വീതം പുതിയ സംരംഭകരായി എത്തിയിരിക്കുന്നു.

നമ്മുടെ സംരംഭകസംസ്കാരത്തിൽ പൊടുന്നനെ ദൃശ്യമായ ഇത്തരമൊരു വൻമാറ്റത്തിന് പിന്നിൽ പല കാരണങ്ങളുമുണ്ട്. കോവിഡിനെ തുടർന്ന് രൂപപ്പെട്ട സാമൂഹികസാഹചര്യങ്ങളാണ് ഇതിൽ പ്രധാനം. രോഗബാധയെ തുടർന്ന് ലോകം അടച്ചുപൂട്ടപ്പെട്ടപ്പോൾ സ്വദേശത്തും വിദേശത്തുമായി ജോലിചെയ്തിരുന്ന അനേകം പേർക്ക് തൊഴിൽ നഷ്ടമായി. ജീവിതം വഴിമുട്ടിനിന്ന കാലത്ത് ചെറുതെങ്കിലും പുതിയൊരു വരുമാന മാർഗ്ഗം കണ്ടെത്താൻ വനിതകൾ ഉൾപ്പെടെ പലരും നിർബന്ധിതരാവുകയായിരുന്നു. ഭക്ഷ്യസംസ്കരണരംഗത്താണ് കൂടുതൽ പേരും ശ്രദ്ധ കേന്ദ്രീകരിച്ചത്. അതിൽതന്നെ കൂടുതൽ പേരും സ്ത്രീകളായിരുന്നു. അങ്ങനെ, സംരംഭങ്ങളുമായി ബന്ധപ്പെട്ട അവരുടെ ആത്മവിശ്വാസം വർദ്ധിച്ചു. പിന്നീട്, കോവിഡിൽനിന്നും മുക്തമായ ലോകം സാധാരണ നിലയിലേക്ക് മടങ്ങിവന്നെങ്കിലും ചെറുസംരംഭങ്ങൾ തുടങ്ങിയ വനിതകളിലധികവും കൂടുതൽ കരുത്തോടെ മുന്നോട്ടു പോവുകയോ ബിസിനസ് വിപുലപ്പെടുത്തുകയോ ചെയ്തു.

സംസ്ഥാനത്തെ ഉയർന്ന വിദ്യാഭ്യാസനിലവാരവും ലോകപരിചയവുമെല്ലാം സംരംഭക മേഖലയിലേക്ക് കടക്കാൻ ഇവിടുത്തെ വനിതകൾക്ക് പ്രചോദനമായിട്ടുണ്ട്. ഇന്നിപ്പോൾ, വിദേശരാജ്യങ്ങളിൽ ജോലിചെയ്തിരുന്നവർ പോലും തിരികെ നാട്ടിലെത്തി സ്വന്തമായൊരു സംരംഭം തുടങ്ങാൻ താൽപ്പര്യം കാണിക്കുന്നു. മറ്റു സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നതിനെ അപേക്ഷിച്ച് തൊഴിൽ-ജീവിതരംഗങ്ങളിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും മെച്ചപ്പെട്ട വരുമാനസാധ്യതയുമെല്ലാം ഇതിന് കാരണമാണ്.

## പുരോഗമനാത്മകമായ മാറ്റം

തൊഴിൽ അന്വേഷകർ എന്ന അവസ്ഥയിൽ നിന്നും തൊഴിൽ ദാതാക്കൾ എന്ന നിലയിലേക്കാണ് സ്ത്രീകളുടെ മാറ്റം. രാജ്യമെമ്പാടും ആഗോളതലത്തിലുമെല്ലാം ഇത്തരമൊരു മാറ്റമുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിൽ രാജ്യത്തിന്റെ സാമ്പത്തികവളർച്ചയിൽ നിർണായകശക്തിയായി മാറാൻ സ്ത്രീസംരംഭകർക്ക് കഴിയും. ഇത്തരത്തിൽ, 2025 ആകുമ്പോഴേയ്ക്കും നമ്മുടെ ജിഡിപിയിൽ 770 ബില്യൺ ഡോളർ കൂട്ടിച്ചേർക്കാനാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇപ്പോൾ ദേശീയതലത്തിലുള്ള 58.5

ദശലക്ഷം സംരംഭകരിൽ 8.05 ദശലക്ഷമാണ് വനിതകൾ. ഇത് മൊത്തം സംരഭകരുടെ എണ്ണത്തിന്റെ 13.76 ശതമാനമാണ്. ഈ രംഗത്ത് ഓരോ വർഷവും ആനുപാതികമായ വളർച്ചയും ഉണ്ടാകുന്നുണ്ട്.

2016–2021 കാലയളവിൽ രാജ്യത്തെ വനിതാസംരംഭകരുടെ പങ്ക് 2.68 മടങ്ങായി വർദ്ധിച്ചിട്ടുണ്ടെന്ന് ചില പഠനങ്ങൾ പറയുന്നു. അതേസമയം, ഈ കാലയളവിലെ പുരുഷസംരംഭകരുടെ പങ്കിലുള്ള വർദ്ധന 1.79 മടങ്ങ് മാത്രമേയുള്ളൂ. പുരുഷന്മാരെ അപേക്ഷിച്ച് രാജ്യത്തെ സ്ത്രീകൾക്ക് തൊഴിൽസ്ഥലത്ത് കൂടുതൽ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരാറുണ്ട്. സ്വന്തം സംരംഭമെന്ന സുരക്ഷിതത്വത്തിലേക്ക് വനിതകൾ ചേക്കാറാൻ ഇതും കാരണമാണ്. ഇത്തരം സംരംഭങ്ങളിൽ പരമാവധി സ്ത്രീകൾക്ക് തന്നെ ജോലി നൽകുന്നതിലൂടെ അവർക്കും മികച്ച തൊഴിൽ പരിസരം ലഭിക്കുന്നു. സംരംഭകത്വത്തിലേക്ക് കടന്നുവരുന്ന സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹരിക്കാനും ഇപ്പോൾ പ്രത്യേക സംവിധാനങ്ങൾ തന്നെയുണ്ട്.

അടുത്തയിടെ പരിഷ്കരിക്കപ്പെട്ട നീതി ആയോഗിന്റെ വെബ് പോർട്ടലിലൂടെയും വനിതാസംരംഭകർക്ക് പ്രോത്സാഹനം ലഭിക്കുന്നു. ഇതിലൂടെ രണ്ടര ലക്ഷം വനിതാ സംരംഭകരെ കണ്ടെത്താനാവുമെന്നാണ് കണക്കാക്കപ്പെടുന്നത്. കമ്യൂണിറ്റി ആൻഡ് നെറ്റ്‌വർക്കിംഗ്, സാമ്പത്തികസഹായം, ഇൻക്യുബേഷൻ ആൻഡ് ആക്സിലറേഷൻ, മെൻഡർഷിപ്പ്, മാർക്കറ്റിംഗ് സഹായം, സംരംഭകത്വ നൈപുണ്യവികസനം, നികുതിസംവിധാനം തുടങ്ങിയ മേഖലകളിലെല്ലാം ഇതിലൂടെ സേവനം നൽകിവരുന്നു. വിവിധ പരിപാടികളിലൂടെ ആയിരക്കണക്കിന് സ്ത്രീകൾക്ക് ഈ പ്ലാറ്റ്ഫോമിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

## സർക്കാരുകളുടെ പിന്തുണ

വനിതാസംരംഭകർക്കായി പല തലത്തിലുള്ള സഹായപദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകൾ നടപ്പാക്കിവരുന്നു. പുരുഷന്മാരെ അപേക്ഷിച്ച് ചെറുകിട-സൂക്ഷ്മസംരംഭങ്ങൾക്കുള്ള ധനസഹായവും ബിസിനസ് വായ്പയുമെല്ലാം സ്ത്രീകൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാണ്. ആയിരം രൂപമുതൽ കോടികളുടെ വായ്പ വരെ ഇത്തരത്തിൽ ലഭിക്കുന്നു. മാത്രവുമല്ല, സ്ത്രീസംരംഭകർക്ക് നൽകുന്ന വായ്പകളുടെ പലിശനിരക്കും കുറവായിരിക്കും. പ്രധാൻമന്ത്രി മുദ്രായോജന, ഭാരതീയ മഹിളാ ബിസിനസ് ബാങ്ക് വായ്പ, ബിഎംപി അന്നപൂർണ്ണ, ബിഎംപി ശൃംഗാർ, ബിഎംപി പർവാരിഷ് എന്നിവയെല്ലാം ഇതിന് ഉദാഹരണമാണ്. ബ്യൂട്ടി പാർലർ, ട്യൂഷൻ സെന്റർ, സ്റ്റിച്ചിംഗ് സെന്റർ തുടങ്ങിയവയ്ക്ക് പുറമെ റീട്ടെയിൽ, സർവ്വീസ്, മാനുഫാക്ചറിംഗ് മേഖലകളിലെ സംരംഭങ്ങൾക്കെല്ലാം ഇത്തരത്തിൽ വായ്പ ലഭിക്കുന്നുണ്ട്.



കേന്ദ്രപദ്ധതികൾക്ക് പുറമെ വനിതാസംരംഭകർക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളും ഏറെ പേർക്ക് പ്രയോജനപ്പെടുന്നതാണ്. സംരംഭകവർഷം പദ്ധതിയിലൂടെ രംഗത്തെത്തിയവർക്ക് സ്കെയിൽ അപ്പ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുമെന്ന് സർക്കാർ ഉറപ്പ് നൽകിക്കഴിഞ്ഞു. പ്രതിസന്ധി ഘട്ടങ്ങളിൽ ഇവരെ സഹായിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും ഹെൽപ് ഡെസ്കുകളും ഇൻവെസ്റ്റർ ഹെൽപ് കോൾ സെന്ററുകളുമെല്ലാം സജ്ജമാക്കിയിട്ടുണ്ട്. സംരംഭകമേഖലയിലേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന കൂടുതൽ വനിതകൾക്ക് കരുത്തുപകരുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

വിവിധ സംരംഭങ്ങൾ തുടങ്ങാൻ താൽപ്പര്യമുള്ള സ്ത്രീകൾക്കായി സംസ്ഥാന വനിതാവികസന കോർപറേഷനും വായ്പ ലഭ്യമാക്കി വരുന്നുണ്ട്. മൂന്നു പതിറ്റാണ്ടായി സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം മുൻനിർത്തി പ്രവർത്തിച്ചുവരുന്ന വനിതാവികസന കോർപറേഷൻ സംസ്ഥാന സർക്കാരിന്റെയും വിവിധ ദേശീയ ധനകാര്യ കോർപറേഷനുകളുടെയും സ്വയംതൊഴിൽ വായ്പാ ചാനലൈസിംഗ് ഏജൻസിയാണ്. കഴിഞ്ഞ സാമ്പത്തികവർഷം 11,766 വനിതകൾക്കായി 165.05 കോടിരൂപ സംരംഭകവായ്പ നൽകിയിരുന്നു. ദേശീയ കോർപറേഷനുകളിൽനിന്നും മറ്റും വായ്പ സ്വീകരിക്കുന്നതിനായി നൂറുകോടി രൂപയുടെ അധികഗ്യാരണ്ടി കോടി സർക്കാർ വനിതാവികസന കോർപറേഷന് അനുവദിച്ചിട്ടുണ്ട്. ഇതുകൂടി പ്രയോജനപ്പെടുത്തി നടപ്പു സാമ്പത്തികവർഷം 200 കോടിരൂപയുടെ വായ്പ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഇതിലൂടെ, കഴിഞ്ഞ സാമ്പത്തികവർഷത്തെ അപേക്ഷിച്ച് നാലായിരത്തോളം സ്ത്രീകൾക്കെങ്കിലും അധികമായി വായ്പ നൽകാനാവുമെന്നും കണക്കാക്കപ്പെടുന്നു.



സമീപകാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ വായ്പ തിരിച്ചടയ്ക്കുന്ന കാര്യത്തിൽ പുരുഷന്മാരെക്കാൾ കാര്യക്ഷമത പുലർത്തുന്നത് സ്ത്രീസംരംഭകരാണെന്നും വ്യക്തമാണ്. സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ അവർ നയിക്കുകയോ ചെയ്യുന്ന പിങ്ക് സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി സർക്കാർ നടപ്പാക്കിവരുന്ന വിവിധ പദ്ധതികളും വനിതാസംരംഭകത്വത്തിൽ വലിയ തോതിലുള്ള ഉണർവ്വുണ്ടാക്കിയിട്ടുണ്ട്.

ഒരുകാലത്ത് ബിസിനസ് രംഗത്തുണ്ടായിരുന്ന നാമമാത്രമായ സ്ത്രീകളിൽ ബഹുഭൂരിപക്ഷത്തിന്റെയും കടന്നുവരവ് യാദൃശ്ചികമായിട്ടായിരുന്നു. കുടുംബബിസിനസുകളുടെ ഭാഗമായി പ്രവർത്തിക്കുകയോ പ്രത്യേക കാരണങ്ങളാൽ അതിന്റെ ചുമതല ഏറ്റെടുക്കേണ്ടി വരികയോ ചെയ്തിരുന്നവരാണ് പലരും. എന്നാൽ ഇപ്പോൾ സ്ഥിതി മാറിയിരിക്കുന്നു. സ്വന്തമായൊരു സംരംഭം തുടങ്ങുകയെന്ന സ്വപ്നം കാണുകയും അത് യാഥാർത്ഥ്യമാക്കാൻ പ്രയത്നിക്കുകയും ഒടുവിൽ ലക്ഷ്യപ്രാപ്തിയിൽ എത്തുകയും ചെയ്യുന്നവരാണ് അധികവും. സംസ്ഥാനത്തെ സംരംഭകാന്തരീക്ഷം മികച്ചതായതും ഇതിന് കാരണമാണ്. ●



# ബഹുമതിയുടെ കൊടുമുടിയിൽ

പാർവ്വതി. ആർ. നായർ

**വലുപ്പത്തിൽ** ഇരുപത്തി മൂന്നാം സ്ഥാനം പ്രകടനത്തിൽ ഒന്നാം സ്ഥാനം! പുതുവർഷത്തിന്റെ തുടക്കത്തിൽ നമ്മുടെ കൊച്ചു കേരളത്തിനു കിട്ടിയ ബഹുമതിയാണിത്. വീരവാദം മുഴക്കുന്നതാണെന്നു കരുതേണ്ട. വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ മികവു തെളിയിയ്ക്കുകയും വ്യവസായിക വികസന പ്രവർത്തനങ്ങളിൽ ടോപ്പ് റാങ്ക് നേടുകയും ചെയ്ത നമ്മുടെ സംസ്ഥാനം നവീനാശയങ്ങളുമായി സംസ്ഥാനത്തെ വ്യവസായ മേഖലയെ ഊർജ്ജസ്വലമാക്കുവാൻ നടത്തിയ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ദേശീയ അംഗീകാരം ലഭ്യമായിരിയ്ക്കുന്നത്. വിസ്തൃതിയിൽ മുന്നിൽ നിൽക്കുന്ന രാജസ്ഥാൻ (3,42,239 ച. കി. മീ), മദ്ധ്യപ്രദേശ് (3,08,252 ച. കി. മീ), മഹാരാഷ്ട്ര (3,07,713 ച. കി. മീ), ആന്ധ്രാപ്രദേശ് (2,75,045 ച. കി. മീ) എന്നിവയേയും തമിഴ്നാടിനെയും (1,30, 058 ച. കി. മീ) കർണാടകയേയും (1,91,791 ച. കി. മീ) പിന്തള്ളിയാണ് 38,869 ചതുരശ്ര കിലോ മീറ്റർ മാത്രം

ഭൂവിസ്തൃതിയുള്ള നാം നേട്ടം കൊയ്തത്. പ്രധാനമന്ത്രി വിളിച്ചു ചേർത്ത സംസ്ഥാന ചീഫ് സെക്രട്ടറിമാരുടെ ദേശീയ സമ്മേളനത്തിൽ വെച്ചാണ് രാജ്യത്തെ ഏറ്റവും മികച്ച വ്യവസായ പ്രോത്സാഹന പദ്ധതിയുടെ അവതാരകർ എന്ന നിലയിൽ കേരളത്തെ അവതരിപ്പിച്ചതും അഭിനന്ദിച്ചതും. സൃഷ്ടിപരമായ പ്രവർത്തനങ്ങളിലൂടെ വ്യവസായ കേരളത്തിന്റെ അതിശീഘ്ര പ്രയാണം അങ്ങനെ ദേശീയശ്രദ്ധ നേടി. ട്രസ്റ്റ് ഓൺ എം. എസ്. എം. ഇ എന്ന വിഷയത്തിലാണ് കേരള സർക്കാരിന്റെ നവീന പദ്ധതിയ്ക്കു പ്രഥമ സ്ഥാനം നൽകി അവതരിപ്പിച്ചതും മറ്റു സംസ്ഥാനങ്ങൾക്കും അനുകരിക്കാവുന്ന ഒന്നായി കേരള മോഡലിനെ വിലയിരുത്തിയതും. ഒരു വർഷം ഒരു ലക്ഷം സംരംഭം എന്ന ലക്ഷ്യവുമായി കേരളം തുടക്കമിട്ട സംസ്ഥാന സംരംഭക വർഷമാണ് കേന്ദ്രത്തിന്റെ ഗുഡ്ബുക്കിൽ ഒന്നാമതെത്തിയത്. വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് എന്ന ലക്ഷ്യവുമായി മദ്ധ്യപ്രദേശ് സർക്കാർ ആരംഭിച്ച പദ്ധതിയെയും പിന്നിലാക്കിയാണ് കേരളത്തിന്റെ മിന്നുന്ന പ്രകടനം. ഇതു നമുക്കേവർക്കും അഭിമാനം പകരുന്നു. മൂന്നു ദിവസമായി നടന്ന ദേശീയ സമ്മേളനത്തിൽ ചീഫ് സെക്രട്ടറി വി. പി. ജോയി, അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, വ്യവസായ വകുപ്പു സെക്രട്ടറി സുമൻ ബില്ല, ആരോഗ്യ കുടുംബക്ഷേമ സെക്രട്ടറി ടിങ്കു ബിസ്വാൾ എന്നിവരാണ് കേരളത്തെ പ്രതിനിധീകരിച്ചത്. ജനുവരി 3 മുതൽ 7 വരെ നടന്ന രണ്ടാമതു ദേശീയ സമ്മേളനത്തിൽ മുതിർന്ന ഐ. എ. എസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ ഇരുന്നൂറിലേറെ വിദഗ്ദ്ധർ പങ്കെടുത്തു. വികസനത്തിന്റെ നാലു നെടുംതൂണുകളാണ് മുതൽമുടക്ക് (ഇൻവെസ്റ്റ്മെന്റ്), അടിസ്ഥാന സൗകര്യം (ഇൻഫ്രാ സ്ട്രക്ചർ), നവീനാശയങ്ങൾ കണ്ടെത്തൽ (ഇന്നൊവേഷൻ), എല്ലാറ്റിനെയും ഉൾക്കൊള്ളിക്കൽ (ഇൻക്ലൂഷൻ) എന്ന് യോഗത്തിൽ പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരമേശ്വര അയ്യർ തുടങ്ങിയവരും വേദിയിലുണ്ടായിരുന്നു. വിവിധ സംസ്ഥാനങ്ങളിലെ വികസന നയങ്ങളും പരിപാടികളും സവിസ്തരം പ്രതിപാദിച്ച സമ്മേളനം കേരളത്തിന്റെ സംരംഭക വർഷ പദ്ധതിയെ അതീവ താൽപര്യത്തോടെയാണ് വീക്ഷിച്ചത്. ഇത് നവസംരംഭകരിൽ ഉണർത്തുന്ന ആവേശം ചെറുതല്ല.

കഴിഞ്ഞ മാർച്ച് 30 നാണ് മുഖ്യമന്ത്രി പിണറായി വിജയൻ നമ്മുടെ സംരംഭക വർഷത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. അതിനും ഏറെനാൾ മുമ്പുതന്നെ ഈ പദ്ധതിയുടെ ഗൃഹപാഠങ്ങൾ സംസ്ഥാന വ്യവസായ വകുപ്പ് പൂർത്തിയാക്കിയിരുന്നു. വ്യവസായ മന്ത്രിയുടെ നിരീക്ഷണത്തിലും നിർദ്ദേശാനുസരണവും രൂപപ്പെടുത്തിയ സംരംഭകവർഷം പദ്ധതി ഒരു വർഷം കൊണ്ട് ഒരു ലക്ഷം തൊഴിലവസരങ്ങളാണ് വിഭാവനം ചെയ്തത്. യുവതലമുറയെയും സംരംഭകരെയും ഏറെ ആവേശം കൊള്ളിച്ച ഈ പദ്ധതി 235 ദിവസം പിന്നിടുമ്പോഴാണ് കേന്ദ്രം പ്രശംസയുമായി എത്തിയത്. ദേശീയ മാധ്യമങ്ങൾ ഏറെ പ്രാധാന്യത്തോടെ ഇത് പ്രസിദ്ധീകരിക്കുകയും ചെയ്തു. ലക്ഷ്യം പൂർത്തിയാക്കിയ ദിവസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് വിവിധ മേഖലകളിലായി 1,01,353 സംരംഭങ്ങളാണ് സമാരംഭിച്ചത്. ഇതിലൂടെ 6,282 കോടിയുടെ നിക്ഷേപവും, 2,20,500 തൊഴിലവസരങ്ങളുമുണ്ടായി.

മലപ്പുറം, എറണാകുളം ജില്ലകളിൽ 20,000 ൽ അധികം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. കൊല്ലം, തൃശൂർ, തിരുവനന്തപുരം, കോഴിക്കോട്, പാലക്കാട് ജില്ലകളിൽ 15,000 വീതവും, ഇടുക്കി, വയനാട് ജില്ലകളിൽ 10,000 വീതവുമാണ് തൊഴിലവസരങ്ങൾ ഇതിനോടകം പുതുതായി




സൃഷ്ടിക്കപ്പെട്ടത്. ഇതു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

| ക്രമ നം. | തൊഴിൽ മേഖല | അവസ രങ്ങൾ | സംരംഭം | നിക്ഷേപം |
|---|---|---|---|---|
| 1 | കൃഷി, ഭക്ഷ്യസംസ്കരണം | 40,622 | 16,129 | 96,368 |
| 2 | ഗാർമെന്റ്സ് & ടെക്സ്റ്റയിൽസ് | 22,312 | 10,74 | 474 |
| 3 | സർവ്വീസ് | 16,156 | 7048 | 428 |
| 4 | വ്യാപാരം | 54,108 | 29,428 | 1,662 |

ഈ ദേശീയ സമ്മേളനം ഭാരതത്തിന്റെ ഭാവി വികസനം ചർച്ച ചെയ്തപ്പോൾ ഒരു യഥാർത്ഥ്യം ബോധ്യമായി. പലയിടത്തും പ്രഖ്യാപനം യാഥാർത്ഥ്യം മറ്റൊരിടത്തുമാണ്. എന്നാൽ നിശ്ചിത സമയത്തിനും വളരെ മുമ്പുതന്നെ പ്രഖ്യാപിത ലക്ഷ്യത്തിനും മേലേ, വിജയം നേടുവാനായി എന്നതാണ് കേരള വ്യവസായ വകുപ്പിന്റെ നവീന പദ്ധതിയുടെ പ്രത്യേകത. ഇത്തരമൊരു ആശയം അവതരിപ്പിയ്ക്കപ്പെട്ട നാൾ മുതൽക്കു തന്നെ സംസ്ഥാന വ്യവസായ വകുപ്പ് എണ്ണയിട്ട യന്ത്രസമുച്ചയം പോലെ പ്രവർത്തനസജ്ജമായി. ഉന്നത തലയോഗങ്ങളും പ്രചാരണ പരിപാടികളും സജീവമായി. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ, നവീനാശയങ്ങൾ നെഞ്ചിലേറ്റിയവർ തുടങ്ങിയ വരിലൊക്കെ പ്രതീക്ഷ ജനിപ്പിച്ചതായിരുന്നു സംരംഭക വർഷ പ്രഖ്യാപനം. വ്യവസായ വകുപ്പിന്റെ നെറ്റുവർക്കുകളിലേക്ക് അന്വേഷകരുടെ വൻ പ്രവാഹമുണ്ടായതുതന്നെ പദ്ധതിയോടുള്ള അനുകൂല പ്രതികരണത്തിന്റെ പ്രതിഫലനമായിരുന്നു. എന്തിനും സദാസന്നദ്ധരായ വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ നവസംരംഭകർക്ക് മാർഗ്ഗദർശികളായി. ചുവപ്പു നാടകളുടെ അഴിയാക്കുരുക്കൾ ആർക്കും പ്രതിബന്ധങ്ങളായില്ല. തത്ഫലമായാണ് 12 മാസങ്ങൾ കൊണ്ട് നേടേണ്ടതിനുമുപരി എട്ടു മാസം കൊണ്ട് നേടിയെടുത്ത് അത്ഭുതം സൃഷ്ടിക്കാനായത്. 7261.54 കോടിയുടെ നിക്ഷേപവും 1,18,509 സംരംഭങ്ങളും, 2,56,140 തൊഴിലവസരങ്ങളും ഇവിടെ യാഥാർത്ഥ്യമായത്. ഇത്രയും നേട്ടം ഇതിനോടകം നേടിയ പദ്ധതിയുടെ ഫൈനൽ സ്കോറിനായി കേരളം കാത്തിരിയ്ക്കുകയാണ്.

സംരംഭക വർഷത്തിന്റെ ഉപജ്ഞാതാവെന്നു വിശേഷിപ്പിയ്ക്കാവുന്ന സംസ്ഥാന വ്യവസായ വകുപ്പു മന്ത്രി ഈയൊരു അംഗീകാരത്തെപ്പറ്റി സമാനതകളില്ലാത്ത നേട്ടം എന്നാണ് പറഞ്ഞത്. സംരംഭങ്ങൾ രൂപീകരിയ്ക്കാനെടുത്ത ചുരുങ്ങിയ സമയം, സംസ്ഥാന സർക്കാർ ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ, പുതുതായി സംരംഭകത്വത്തിലേക്കു കടന്നുവന്ന വനിതകളുടെ എണ്ണം തുടങ്ങിയ വയിലെല്ലാം റിക്കോർഡുകൾ സൃഷ്ടിയ്ക്കാൻ നമുക്കായി എന്ന് അദ്ദേഹം അവകാശപ്പെട്ടു. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്തുകൊണ്ട് സധൈര്യം മുന്നേറാൻ സംരംഭകർക്ക് താങ്ങും തണലും ഊർജ്ജവുമായി ഈ ജനകീയ സർക്കാർ ഉണ്ടാവുമെന്ന് ഒരിക്കൽ കൂടി അദ്ദേഹം സംരംഭകരെ ഓർമ്മിപ്പിയ്ക്കുകയും ചെയ്തു. പുതിയ അംഗീകാരത്തിന്റെ പൊൻതൂവൽ ശിരസ്സിലേറ്റി നമുക്കു മുന്നേറാം സവിനയം.... സാഭിമാനം.... ●





# നൂറ്റാണ്ടിന്റെ വിജയവുമായി
# സെഞ്ച്വറി പോളിമേഴ്സ്

**പ്ലാസ്റ്റിക്** ഉൽപന്നങ്ങൾ ഒരു തരംഗമായി വിപണി കൈയടക്കിത്തുടങ്ങിയ കാലത്താണ് ചോക്ലേറ്റ്, ഉണങ്ങിയ പഴങ്ങൾ എന്നിവയുടെ കണ്ടെയ്നറുകളുടെ ഒരു ഉൽപാദന യൂണിറ്റ് ആരംഭിക്കുന്നതിനെക്കുറിച്ച് കൊല്ലം ജില്ലയിലെ കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്തിൽ സംരംഭകനായ വിജയൻ പിള്ള ലക്ഷ്യമിടുന്നത്.

2004 മുതൽ കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലെ കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്തിലെ 'Century Polymers' എന്ന പേരിൽ ആരംഭിച്ച സ്ഥാപനം ഇന്ന് ഇന്ത്യ മുഴുവൻ വിപണി കീഴടക്കിക്കഴിഞ്ഞു.

ആറു വർഷത്തോളമുള്ള പ്രവാസ ജീവിതത്തിനുശേഷം ഡൽഹിയിൽ വിവിധ ആട്ടോമൊബൈൽ കമ്പനികളിൽ പ്രവർത്തിച്ചിരുന്ന നാളുകളിലാണ് നാട്ടിൽ സ്വന്തമായി ഒരു സംരംഭം ആരംഭിക്കുക എന്ന ലക്ഷ്യം മനസിൽ മുള പൊട്ടിയത്. ഇന്ത്യ ടുഡേയിൽ വന്ന ഇന്ത്യ തിളങ്ങുന്നു എന്ന ആർട്ടിക്കിൾ വായിക്കാനിടയായത് ആ ലക്ഷ്യത്തിന് പുറകേ പോകാൻ ആത്മവിശ്വാസം നൽകി.

ചോക്ലേറ്റ്, ഉണങ്ങിയ പഴങ്ങൾ എന്നീ ഉത്പന്നങ്ങൾ കേടാകാതെ വിപണിയിൽ ദീർഘകാലം നിലനിർത്തുവാൻ പ്ലാസ്റ്റിക് കണ്ടെയ്നറുകൾ ഫലപ്രദമാണെന്നും എന്നാൽ ഇത്തരം ഉൽപാദന യൂണിറ്റുകൾ കേരളത്തിൽ അധികം ഇല്ലായെന്നും മറ്റുള്ള സാധ്യതാ പഠനങ്ങൾ നടത്തിയശേഷം തന്റെ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾക്ക് ഒന്നൊന്നായി തുടക്കമിട്ടു.






ചെന്നൈ, ഹൈദരാബാദ്, വിശാഖപട്ടണം എന്നിവിടങ്ങളിലായി മുഖ്യവിപണി കണ്ടെത്തിയിട്ടുള്ള സ്ഥാപനത്തിന് ഇന്ന് ദശലക്ഷങ്ങൾ വിറ്റുവരവുണ്ട്.

വാടകയ്ക്കെടുത്ത് 200 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടത്തിൽ കാനറ ബാങ്ക് മൺട്രോത്തുരുത്ത് ശാഖയിൽ നിന്നും എടുത്ത 1,65,000/- രൂപ പ്രവർത്തന മൂലധന വായ്പയും Second hand ആയി വാങ്ങിയ ഒരു ലക്ഷം രൂപയുടെ Hand mould ഉം ഉപയോഗിച്ചായിരുന്നു 2004-ൽ ഉൽപാദനം ആരംഭിച്ചത്. 2012 വരെയും പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും നേരിട്ട് മെല്ലെ വളർന്ന് വന്ന സ്ഥാപനം അതിനുശേഷം 35 ലക്ഷം രൂപയുടെ നൃൂതന സാങ്കേതിക യന്ത്രസാമഗ്രികൾ വാങ്ങി ഉത്പാദനം വർദ്ധിപ്പിക്കുകയും വിശാലമായ വിപണി കണ്ടെത്താനും ആരംഭിച്ചു. 2022 എത്തുമ്പോൾ നിലവിലുള്ളതിനു പുറമേ, 2 കോടിയുടെ യന്ത്രസാമഗ്രികളും നിലവിലുള്ള 2500 ചതുരശ്ര അടി കെട്ടിടത്തിനു പുറമേ 6,500 ചതുരശ്ര അടി വലിപ്പമുള്ള പുതിയ കെട്ടിടവും സ്ഥാപിച്ച് അതിനൃൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഉത്പാദനം ആരംഭിക്കുവാൻ സ്ഥാപനം തയ്യാറെടുത്തു കഴിഞ്ഞു. 90 KW കണക്ടഡ് ലോഡുള്ള ഈ സ്ഥാപനത്തിൽ നിലവിൽ അമ്പതോളം പേർ തൊഴിലെടുക്കുന്നുണ്ട്. ചെന്നൈ, ഹൈദരാബാദ്, വിശാഖപട്ടണം എന്നിവിടങ്ങളിലായി മുഖ്യവിപണി കണ്ടെത്തിയിട്ടുള്ള സ്ഥാപനത്തിന് ഇന്ന് ദശലക്ഷങ്ങൾ വിറ്റുവരവുണ്ട്. 2012-ൽ ഇ. എസ്. എസ്. പദ്ധതി പ്രകാരം 2,35,000/- രൂപ സർക്കാരിൽ നിന്നും വ്യവസായ വകുപ്പ് മുഖേന സബ്സിഡിയായി ലഭിച്ചിട്ടുണ്ട്.



വ്യക്തമായ ലക്ഷ്യബോധവും അതിനായി കഠിനാദ്ധ്വാനം ചെയ്യാനുള്ള മനസാന്നിദ്ധ്യവും കാലത്തിന് അനുസൃതമായ കാഴ്ചപ്പാടും ഉണ്ടെങ്കിൽ ഏതു സംരംഭത്തേയും വിജയവീഥിയിൽ എത്തിക്കുവാൻ സാധിക്കും എന്നതിന്റെ ഉത്തമ ഉദാഹരണമാണ് അമ്പത്തിനാലുകാരനായ വിജയൻ പിള്ളയുടെ ജീവിത കഥ. ●



# വിടരുന്ന മൊട്ടുകൾ

**വിദ്യാർത്ഥികൾ** നാളത്തെ പൗരന്മാരാണ്. രാജ്യത്തെ സാമ്പത്തിക വികസനത്തിലേക്ക് നയിക്കുന്നതിൽ അവരുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. സംരംഭകത്വത്തിലൂടെ തൊഴിലും നിക്ഷേപവും വർദ്ധിപ്പിച്ച് രാജ്യത്തെ സാമ്പത്തിക പുരോഗതിയിലേക്ക് നയിക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കുട്ടികളിൽ "സംരംഭകത്വ സംസ്കാരം" (Entrepreneurial Culture) വളർത്തേണ്ടത് അനിവാര്യമാണ്. ഇക്കാരണത്താലാണ് സംസ്ഥാന സർക്കാർ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ തലം മുതൽ തന്നെ "വിദ്യാർത്ഥി സംരംഭകത്വം" (Student Entrepreneurship) വികസിപ്പിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. വിദ്യാർത്ഥികളിലെ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിന് സ്കൂൾ- കോളേജുകളിൽ "ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ" (Business Incubation Centre) സ്ഥാപിക്കുന്നതിലൂടെ സാധ്യമാകുന്നു. കൂടാതെ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ "ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങൾ" പ്രവർത്തിക്കുന്നുണ്ട്. "സ്റ്റാർട്ട് അപ്പ് നയം" (Start Up Policy) ഇതിന് കൂടുതൽ ഉത്തേജനം നൽകുന്നു. സ്കൂൾ കോളേജ് തലം



**തുറവൂർ ശ്രീ ഗോകുലം എസ്. എൻ. ജി. എം. ആർട്ട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കു വേണ്ടി സംഘടിപ്പിച്ച വിദ്യാർത്ഥി സംരംഭകത്വ ബോധവത്കരണ പരിപാടി**




ശാസ്താംകോട്ട പോരുവഴി ഗവ. ഐ. ടി. യിൽ ഇ. ഡി. ക്ലബ്ബ്

മുതൽ തന്നെ സംരംഭകത്വ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് Entrepreneurship Development Clubs സ്ഥാപിക്കുന്നതിനു വേണ്ടി സംസ്ഥാന വ്യവസായ വകുപ്പ് വർഷംതോറും ഗ്രാന്റുകൾ നൽകി വരുന്നു. സംരംഭകത്വ വികസന ശിൽപശാല, ബിസിനസ് പ്ലാൻ തയ്യാറാക്കൽ പരിശീലനം, ബിസിനസ്സ് ടൂർ എന്നിവ ഇതിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ചേർത്തല താലൂക്ക് വ്യവസായ ഓഫീസിന്റെ നേതൃത്വത്തിൽ തുറവൂർ ശ്രീ ഗോകുലം എസ്. എൻ. ജി. എം. ആർട്ട്സ് & സയൻസ് കോളേജിലെ വിദ്യാർത്ഥിക്കു വേണ്ടി വിദ്യാർത്ഥി സംരംഭകത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. കോളേജ് ഡയറക്ടർ പ്രഭാകരൻ പരിപാടി ഉദ്ഘാടനം ചെയ്തു. താലൂക്ക് വ്യവസായ ഓഫീസർ ജയേഷ് ആമുഖപ്രഭാഷണം നടത്തി. വ്യവസായ വികസന ഓഫീസറന്മാരായ ശാന്തി. ആർ. പൈ, ജയ്സൺ എന്നിവർ പങ്കെടുത്തു. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണപിള്ള ക്ലാസ്സ് നയിച്ചു.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം ചേർത്തല താലൂക്ക് വ്യവസായ ഓഫീസിന്റെയും ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ കോളേജിൽ ഇൻകുബേഷൻ കേന്ദ്രം സ്ഥാപിച്ചു. പ്രിൻസിപ്പാൾ ഫാദർ ബൈജു ജോർജ്ജ് പോണംമ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയിൽ വച്ച് ഇൻകുബേഷൻ കേന്ദ്രം ഉദ്ഘാടനം ചേർത്തല താലൂക്ക് വ്യവസായ ഓഫീസറന്മാരായ ജയ്സൺ



ചേർത്തല നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റ്

# വിദ്യാർത്ഥി സംരംഭകർ



### (1) കുമാരി ഷാഹില. പി. എസ്

കുമാരി ഷാഹില. പി. എസ് ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിലെ രണ്ടാം വർഷ കൊമേഴ്സ് ബിരുദ വിദ്യാർത്ഥിനിയാണ്. ഈദ് കാലഘട്ടത്തിൽ ഓർഗാനിക് ഹെന്ന നിർമ്മിച്ചു തുടങ്ങിയ ഈ വിദ്യാർത്ഥി സംരംഭക ഇന്ന് ഓർഗാനിക് ഹെന്ന കോൺസ്, നെയിൽ കോൺസ്, ലിപ് ബാം, ബ്രൈഡൽ കോൺസ് എന്നീ ഉൽപന്നങ്ങൾ നിർമ്മിക്കുന്നു. കെമിക്കൽസ് ചേർക്കാതെയുള്ള തന്റെ ഉൽപന്നങ്ങൾക്ക് ധാരാളം ആവശ്യക്കാർ ഉണ്ടെന്ന് കുമാരി ഷാഹില പറയുന്നു. ഈദ് കാലയളവിൽ പ്രത്യേകിച്ച് നല്ല വിൽപനയുണ്ടായിരുന്നതായി കുമാരി ഷാഹില വെളിപ്പെടുത്തിയിരുന്നു. മറ്റ് വിദ്യാർത്ഥികൾക്കും ഷാഹില മാതൃകയാക്കാവുന്നതാണ്. പ്രാരംഭ മൂലധനം 35,000 രൂപ മാത്രമായിരുന്നു.



### (2) കുമാരി മീനാക്ഷി. ആർ

കുമാരി മീനാക്ഷി. ആർ ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിലെ രണ്ടാം വർഷ കൊമേഴ്സ് ബിരുദ വിദ്യാർത്ഥിനിയാണ്. 5,000 രൂപ തുടക്കം മൂലധനം കൊണ്ട് ഹോം മെയ്ഡ് കേക്ക് ഉൽപാദനമാണ് കുമാരി മീനാക്ഷി തുടങ്ങിയത്. ഏകദേശം 100 കേക്കുകൾ ഇതുവരെ വിൽപന നടത്തിയതായി ഈ വിദ്യാർത്ഥി സംരംഭക പറഞ്ഞു. ഭാവിയിലും ഇതുപോലെ മറ്റ് കൂടുതൽ ബേക്കറി ഉൽപന്നങ്ങൾ നിർമിക്കുവാൻ പ്ലാനുണ്ടെന്ന് ഈ സംരംഭക പറഞ്ഞു.

---

ജോർജ്ജ്, സുബ്രഹ്മണ്യൻ, ദിവ്യ. ജി. കൃഷ്ണൻ, ശാന്തി. ആർ. പൈ എന്നിവർ പങ്കെടുത്തു.

ആലപ്പുഴ ജില്ലാ വ്യവസായകേന്ദ്രം മാവേലിക്കര താലൂക്ക് വ്യവസായ ഓഫീസിന്റെ നേതൃത്വത്തിൽ മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ വിദ്യാർത്ഥി സംരംഭകത്വ ബോധവത്കരണ ശിൽപശാല നടത്തി. താലൂക്ക് വ്യവസായ ഓഫീസർ ജോൺ സാം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വച്ച് ശിൽപശാലയുടെ ഉദ്ഘാടനം പ്രിൻസിപ്പാൾ ഡോ. ജേക്കബ് ചാണ്ടി നിർവ്വഹിച്ചു. വ്യവസായ വികസന ഓഫീസറന്മാരായ ശ്രീജ, ചിത്ര, അശോകൻ എന്നിവർ പങ്കെടുത്തു. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണപിള്ള ക്ലാസ്സ് നയിച്ചു.

ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം മാവേലിക്കര താലൂക്ക് വ്യവസായ ഓഫീസിന്റെ നേതൃത്വത്തിൽ അമ്പലപ്പുഴ ഗവ. കോളേജിൽ വിദ്യാർത്ഥി സംരംഭകത്വ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. താലൂക്ക് വ്യവസായ ഓഫീസർ ടോണിയുടെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടി പ്രിൻസിപ്പാൾ ഡോ. മോത്തി ജോർജ്ജ് ഉദ്ഘാടനം ചെയ്തു. വ്യവസായ വികസന ഓഫീസർ അനിൽ കുമാർ. സി. ജി. മുഖ്യപ്രഭാഷണം നടത്തി. കോർഡിനേറ്റർ മേരിസുധ, വ്യവസായ വികസന



അമ്പലപ്പുഴ

ഓഫീസറന്മാരായ ദിലീപ്, ബിന്ദു എന്നിവർ പങ്കെടുത്തു. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണപിള്ള "വിദ്യാർത്ഥി സംരംഭകത്വം" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം കരുനാഗപ്പള്ളി താലൂക്ക് വ്യവസായ ഓഫീസും ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജും സംയുക്ത ആഭിമുഖ്യത്തിൽ കൊമേഴ്സ് വിഭാഗം വിദ്യാർത്ഥികൾക്കു വേണ്ടി ബിസിനസ് പ്ലാൻ ഓറിയന്റേഷൻ ക്ലാസ് സംഘടിപ്പിച്ചു. കൊമേഴ്സ് വിഭാഗം അധ്യാപിക ശ്രീലക്ഷ്മിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗം പ്രിൻസിപ്പാൾ ഡോ. കെ. സി. പ്രകാശ് ഉദ്ഘാടനം ചെയ്തു. ഇ. ഡി. ക്ലബ്ബ് കൺവീനർ അരുൺ കുമാർ സ്വാഗതം പറഞ്ഞു. മറ്റ് കൊമേഴ്സ് അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു. വ്യവസായ വികസന ഓഫീസർ ഗിരിജ ആമുഖ പ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണപിള്ള ക്ലാസ്സ് നയിച്ചു. സ്റ്റുഡന്റ് കോ-ഓർഡിനേറ്റർ റഹ്നാസ് നന്ദി പറഞ്ഞു.

ശാസ്താംകോട്ട പോരുവഴി ഗവ. ഐ. ടി. യിൽ ഇ. ഡി. ക്ലബിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ സെമിനാർ സംഘടിപ്പിച്ചു. ചവറ കെ. എം. എം. എൽ ഡപ്യൂട്ടി മാനേജർ അരുൺ. ജി. നാഥ് സെമിനാർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ



മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ നടത്തിയ വിദ്യാർത്ഥി സംരംഭകത്വ ബോധവത്കരണ ശിൽപശാല

അദ്ധ്യക്ഷത വഹിച്ചു. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണപിള്ള സെമിനാർ അവതരണം നടത്തി.

കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം കരുനാഗപ്പള്ളി താലൂക്ക് വ്യവസായ ഓഫീസിന്റെ നേതൃത്വത്തിൽ കരുനാഗപള്ളി മോഡൽ പോളി ടെക്നിക്കിലെ വിദ്യാർത്ഥികൾക്കു വേണ്ടി ഏകദിന സംരംഭകത്വ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ഷെമി മുംതാസ് ടീച്ചറിന്റെ അദ്ധ്യക്ഷതയിൽ നടന്ന പരിപാടിയുടെ ഉത്ഘാടനം പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് സുബി സി.കെ.




ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ്



**ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ കൊമേഴ്സ് വിഭാഗം വിദ്യാർത്ഥികൾക്കു വേണ്ടി ബിസിനസ് പ്ലാൻ ഓറിയന്റേഷൻ ക്ലാസ്**

നിർവ്വഹിച്ചു. താലൂക്ക് വ്യവസായ ഓഫീസർ അനിൽകുമാർ സ്വാഗതം പറഞ്ഞു. കംപ്യൂട്ടർ വിഭാഗം അദ്ധ്യാപകൻ മുഹമ്മദ് നിജാം ആശംസ നേർന്നു. വ്യവസായ വികസന ഓഫീസർ ലത നന്ദി പറഞ്ഞു . താലൂക്ക് വ്യവസായ ഓഫീസിലെ ഉദ്യോഗസ്ഥരായ വീണ, പ്രതിഭ, ഇന്റേൺസുകൾ, ആർ.പി. എന്നിവർ പങ്കെടുത്തു. തൊടിയൂർജവാൻ ഓയിൽ മിൽ ഉടമ ശിവലാൽ അനുഭവങ്ങൾ പങ്ക് വച്ചു. വ്യവസായ വകുപ്പ് മുൻ ഡപ്യൂട്ടി ഡയറക്ടർ ജി. കൃഷ്ണ പിള്ള വിദ്യാർത്ഥി സംരംഭകത്വം ആശയങ്ങൾ ബിസിനസ്സ് പ്ളാൻ എന്ന വിഷയത്തിൽ ക്ളാസ്സ് എടുത്തു.●


*We aim to be the preferred supplier of cashew to the world*

ISO fssai HACCP Zed

DRUM ROASTED QUALITY CASHEW

BEENA Cashew Company



# BEENA CASHEW COMPANY

## CASHEW PROCESSORS IMPORTERS & EXPORTERS

- Own processing
- In house quality analysis
- Continuous improvements of process and system
- Outstanding Quality Product
- Never compromise safety
- Competitive Pricing
- Prompt delivery of product
- Pre-shipment quality inspection
- Modern Technology


KADAMPANADU (SOUTH) PO, PATHANAMTHITTA DIST. KERALA STATE, S.INDIA-691553.
Tel : 0473 4282898, 0473 4282334 Resi : 0474 2415763,
FAX: 0473 4283623
E-mail:beenacashews@yahoo.com beenacas@gmail.com

ആശംസകളോടെ

**TASA BLOCKS AND TILES PVT.LTD**

9/709,9/710 വാഴപ്പുഴ, പയ്യലൂർ,
കൊല്ലങ്കോട്, പാലക്കാട്
678506,

ഫെയർ ഫേസ് സോളിഡ് ബ്ലോക്ക്
300x200x150(12"x8"x6")
300x200x100(12"x8"x4")




ഫെയർ ഫേസ് ഹോളോ ബ്ലോക്ക്
400x200x200(16"x8"x8")




യൂണി പേവർ ടൈൽ
225x112x80mm
225x112x100mm




സ്ക്വയർ പേവർ ടൈൽ
200x200x75mm




ഐ പേവർ ടൈൽ
197x162x75mm



ഫെൻസിങ്ങ് പോസ്റ്റ്
4''x4''x8'/7'/6'/5'



റെക്ടാൻഗുലർ പേവർ ടൈൽ
200x100x60 mm



കെർബ് സ്റ്റോൺ
1000x250x150 mm



**+91 7356602500**
**+91 9447258112**
**+91 9585490799**

Web: www.tasablocks.com
Email : TasaSales@aerofrt.com
TasablockSales@gmail.com

**Admin office :**
Door No.402, Infra Futura
Opp : BMS,Seaport Airport Road
Thrikkakara P.O,Kakkanad,Kochi-682021

## GOVERNMENT OF KERALA

**Abstract**

Industries Department – One family One Enterprise Scheme - Amended - Orders Issued.

**INDUSTRIES(B)DEPARTMENT**

G.O.(Rt)No.1232/2022/ID Dated,Thiruvananthapuram, 22-11-2022

Read: 1) G.O(Rt)No.747/22/ID dated 22/07/2022.

2 Letter No.DIC/2023/2022-FC1 dated 31/08/2022 from the Director Industries & Commerce

3 Letter No.DIC/2023/2022-FC1 dated 14/11/2022 from the Director of Industries & Commerce.

4) Minutes of the meeting of the Departmental Working Group held on 01/11/2022.

**ORDER**

As per Order read above, Government approved the scheme "One Family One Enterprise" and accorded Administrative Sanction for the implementation of the scheme for an amount of 400 Lakh (Rupees Four Hundred Lakh only) by meeting the expenditure from the Head of Account 2851-00-102-07(04) from the current year's budget provision.

2) The Director of Industries and Commerce as per letter read as 2nd above, has reported that it is essential to amend the provisions of the Scheme "One Family One Enterprise" for its effective implementation and furnished a new proposal for the scheme for approval and requested to cancel the earlier order issued.

3) The Departmental Working Group in its meeting held on 01/11/2022 considered the new proposal and decided to enhance the interest subvention of the scheme from 5% to 6% and include the criteria for PMFME also in the scheme and to cancel the earlier Government Order. Accordingly, the Director of Industries and Commerce as per letter read as 3rd above, has submitted a revised proposal for One family One Enterprise Scheme accordingly.

4) Government have examined the matter in detail and are pleased to approve the revised proposal and to accord administrative sanction for the implementation of the Scheme "One Family One Enterprise" for an amount of Rs.400 Lakh (Rupees Four Hundred Lakh only) by meeting the expenditure from the Head of Account 2651-00-102-07(04) from the current years budget provision. The details of the scheme as approved, are annexed to this Order. Government Order read above is cancelled.

5) The Director General of Industries and Commerce will draw and disburse the amount in due course.

(By order of the Governor)
SUMAN BILLA
PRINCIPAL SECRETARY




# സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ വിതരണം ചെയ്തു

**കേരളത്തിൽ** ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ ഊർജ്ജസംരക്ഷണ അവാർഡുകൾ ഊർജ്ജസംരക്ഷണ ദിനമായ ഡിസംബർ 14ന് തിരുവനന്തപുരം മഹാത്മാ അയ്യങ്കാളി ഹാളിൽ വെച്ച് ബഹു: മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ബഹു: വൈദ്യുതി വകുപ്പു മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നിവർ ചേർന്ന് നൽകി.

വൻകിട ഊർജ്ജ ഉപഭോക്താക്കൾ, ഇടത്തരം ഊർജ്ജ ഉപഭോക്താക്കൾ, ചെറുകിട ഊർജ്ജ ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, സംഘടനകൾ/സ്ഥാപനങ്ങൾ, ഊർജ്ജകാര്യക്ഷമത കൂടിയ ഉപകരണങ്ങളുടെ പ്രമോട്ടർമാർ, ആർക്കിടെക്റ്റ്സ് & ഗ്രീൻ ബിൽഡിംഗ് കൺസൾട്ടൻസ് എന്നീ വിഭാഗങ്ങളിലായാണ് അവാർഡുകൾ നൽകിയത്.

ഊർജ്ജസംരക്ഷണ അവാർഡുകൾക്കുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് എനർജി മാനേജ്മെന്റ് സെന്ററാണ്.

അവാർഡ്ദാന ഉദ്ഘാടനച്ചടങ്ങിൽ ബഹു ഗതാഗത വകുപ്പു മന്ത്രി ശ്രീ. ആന്റണി രാജു, ഡോ. ആർ. വി. ജി. മേനോൻ, ഇ. എം. സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, അനെർട്ട് ഡയറക്ടർ ശ്രീ. നരേന്ദ്രനാഥ് വേലൂരി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ. എ. പി. അനിൽ കുമാർ, വാർഡ് കൗൺസിലർ ശ്രീ. പാളയം രാജൻ എന്നിവർ പങ്കെടുത്തു.●




# ദ്വിദിന സാങ്കേതിക ശില്പശാല കൊല്ലത്ത്

**കൊല്ലം** ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രണ്ട് ടെക്നോളജി ക്ലിനിക്കുകളാണ് 2022 – 23 സാമ്പത്തിക വർഷം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്. അവയിൽ ആദ്യത്തെ ടെക്നോളജി ക്ലിനിക്ക് 2022 ഡിസംബർ 12, 13 തീയതികളിൽ കൊല്ലം കെഎസ്എസ്ഐ ഹാളിൽ നടക്കുകയുണ്ടായി.

പാക്കേജിങ് രംഗത്തെ നവീന ആശയങ്ങളും ആധുനിക പ്രവണതകളും എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ദ്വിദിന ടെക്നോളജി ക്ലിനിക് സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറും കയർ വികസന ഡയറക്ടറും കൂടിയായ ശ്രീ. വി ആർ വിനോദ് ഐ എ എസ് ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബിജു കുര്യൻ യോഗത്തിന് അധ്യക്ഷത വഹിച്ചു

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ ഭക്ഷ്യ രംഗത്തെ സംരംഭങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ശ്രീ. V. R വിനോദ് IAS ഉദ്ഘാടന പ്രസംഗത്തിൽ വിശദീകരിച്ചു. കെ എസ് എസ് ഐ എ സംസ്ഥാന പ്രസിഡന്റ് എ നിസാറുദ്ദീൻ ജില്ലാ വ്യവസായ കേന്ദ്രം മാനേ ജർമാരായ ആർ ദിനേശ്, എസ് കിരൺ, ബെനഡിക് നിക്സൺ, ADIO കെ എസ്സ് സജീവ് കുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു.

പ്രോഗ്രാം കോഡിനേറ്റർ മാനേജർ ക്രെഡിറ്റ് തോമസ് ജോൺ സ്വാഗതവും ചെമ്മാം. എൽ. എസ്, ADIO നന്ദിയും പറഞ്ഞു; 11 മണി മുതൽ ആരംഭിച്ച ടെക്നിക്കൽ സെഷനിൽ കൊല്ലം ഫുഡ് സേഫ്റ്റി ഓഫീസർ റസീമ എസ് ആർ ഭക്ഷ്യ സുരക്ഷാ നിയമങ്ങൾ സംബന്ധിച്ച് ക്ലാസുകൾ കൈകാര്യം ചെയ്തു. തുടർന്ന് എം അബ്ദുൽ ഹഫീസ് ഡെപ്യൂട്ടി കൺട്രോളർ ഹെഡ് ക്വാർട്ടേഴ്സ് (ലീഗൽ മെട്രോളജി കൺട്രോളറുടെ കാര്യാലയം) പാക്കേജിംഗ് ലൈസൻസ്, വിലനിർണയം ലേബലിംഗ്എന്നിവ സംബന്ധിച്ച് ക്ലാസുകൾ കൈകാര്യം ചെയ്തു.

ഉച്ചയ്ക്കുശേഷം നടന്ന സെഷൻ പാക്കേജിങ് തിരഞ്ഞെടുക്കൽ – നിർമ്മാണം – മാനദണ്ഡങ്ങളുടെ അവലോകനം എന്നിവ സംബന്ധിച്ച വിഷയം സനിൽ ആനന്ദ് (എംഡി പാക്മാൻ മിഷനറീസ് ലിമിറ്റഡ്) അവതരിപ്പിച്ചു. കൊല്ലം മുണ്ടക്കൽ ഡെവലപ്മെൻറ് പ്ലോട്ടിലെ മാപ്ലാസ്റ്റ് ഉടമ ജവഹർ എം വിവിധ പാക്കിംഗ് ഉൽപ്പന്നങ്ങൾ സംരംഭകർക്ക് പരിചയപ്പെടുത്തി.

രണ്ടാം ദിവസത്തെ ആദ്യത്തെ സെഷൻ കൈകാര്യം ചെയ്തത്ജില്ലാ വ്യവസായ കേന്ദ്രം മാനേജരായ ആർ. ദിനേശ് ആണ്. ഡിപ്പാർട്ട്മെൻറ്

**ടെക്നോളജി ക്ലിനിക്കിനോടനുബന്ധിച്ച് നടന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനം ആകർഷണീ യമായിരുന്നു. 72 സംരംഭകർ ടെക്നോളജി ക്ലിനിക്കിന്റെ ഭാഗമായി. 52 സംരംഭകർ അവരുടെ തനത് ഉൽപ്പന്നങ്ങളുമായി ക്ലിനിക്കിന്റെ ഭാഗമായ പ്രദർശനത്തിൽ പങ്കെടുത്തു.**



വിവിധ പദ്ധതികൾ സംരംഭകർക്കു വിശദമാക്കി കൊടുത്തു. തുടർന്ന് സീനിയർ സൈന്റിസ്റ്റ് ഐസിഎആർ -സി ഐ എഫ് റ്റി , കൊച്ചി ഡോക്ടർ എസ് രമ്യ ഫുഡ് പാക്കിംഗ് വിപണിയിലെ സമീപ കാല ട്രെൻഡുകൾ വിശദീകരിച്ച് സെഷൻ നയിച്ചു. സംരംഭകർക്ക് ഏറ്റവും ആകർഷകവും അറിവ് പ കർന്നതുമായിരുന്നു ഈ സെക്ഷൻ. ഉച്ചയ്ക്കുശേഷം നടന്ന സെഷനിൽ ഫുഡ് പാക്കിംഗ് രംഗത്തെ പ്ര ധാന സവിശേഷതകൾ വി എസ് മുരളീധരൻ ചെയർമാൻ& മാനേജിങ് ഡയറക്ടർ, പ്രിയ ഇൻസ്റ്റൻറ് ഫുഡ്സ് പെരിന്തൽമണ്ണ മലപ്പുറം സംരംഭകർക്ക് പ രിചയപ്പെടുത്തി.

ടെക്നോളജി ക്ലിനിക്കിനോടനുബന്ധിച്ച് നടന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനം ആകർഷണീ യമായിരുന്നു. 72 സംരംഭകർ ടെക്നോളജി ക്ലിനിക്കിന്റെ ഭാഗമായി. 52 സംരംഭകർ അവരുടെ തനത് ഉൽപ്പന്നങ്ങളുമായി ക്ലിനിക്കിന്റെ ഭാഗമായ പ്രദർശനത്തിൽ പങ്കെടുത്തു. സമയബന്ധിതമായി ആരംഭിക്കുവാൻ രണ്ടു ദിവസവും കഴിഞ്ഞു എന്നതും പൂർണസമയം പങ്കെടുത്തവർ താല്പ ര്യപൂർവ്വം ഇരിക്കാൻ തയ്യാറായി എന്നതും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുള്ള സാധ്യത വെളിവാക്കുന്നു. കോവിഡിനു ശേഷം പുതിയ ഒരു ലോകം എന്നതിന് വലിയൊരു അളവ് വരെ സംഭാവന നൽകാൻ എംഎസ്എംഇ കൾക്ക് കഴിയും. ●



Volume 55 Issue 4
January 2023

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd January 2023




Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.

Editor : Baiju R.S.